2024 SEPTEMBER
18
WEDNESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621



## പ്രധാനമന്ത്രി നരേന്ദ്ര മോദി യുഎസിലേക്ക്

**ന്യൂഡൽഹി:** പ്രധാനമന്ത്രി നരേന്ദ്ര മോദി സെപ്റ്റംബർ 21 മുതൽ 23 വരെ യുഎസ് സന്ദർശിക്കും. ക്വാഡ് ഉച്ചകോടിയിൽ പങ്കെടുക്കുകയാണ് പ്രധാന അജൻഡ. യുഎസ് പ്രസിഡൻറ് ജോ ബൈഡനാണ് ഉച്ചകോടിയുടെ ആതിഥേയൻ.

ജപ്പാൻ പ്രധാനമന്ത്രി ഫ്യൂമിയോ കിഷിദ, ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആന്തണി ആൽബനീസ് എന്നിവരും ഉച്ചകോടിയിൽ പങ്കെടുക്കുമെന്ന് ഇന്ത്യൻ വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ഓരോ നേതാക്കളുമായുള്ള വ്യക്തിബന്ധം പ്രതിഫലിപ്പിക്കുന്നതിന് ബൈഡൻ തൻറെ ജന്മസ്ഥലമായ വിൽമിങ്ടണിലാണ് ഉച്ചകോടി സംഘടിപ്പിക്കുന്നത്.

ഉച്ചകോടിക്കു ശേഷം മോദി ന്യൂയോർക്കിൽ ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്യും. 24,000 ഇന്ത്യൻ വംശജർ പങ്കെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. മോദിയും യുഎസും ഒന്നിച്ച് മുന്നോട്ട് എന്ന ആശയത്തെ അധികരിച്ചാണ് ഈ കൂടിക്കാഴ്ച.

യുഎസിലെ പ്രമുഖ വ്യവസായ നേതാക്കളുമായും മോദി കൂടിക്കാഴ്ച നടത്തും. ഇന്ത്യയും യുഎസും തമ്മിലുള്ള വ്യാപാര പങ്കാളിത്തം ശക്തിപ്പെടുത്തുകയാണ് ഇതിൻറെ ലക്ഷ്യം. എഐ, ക്വാണ്ടം കംപ്യൂട്ടിങ്, സെമികണ്ടക്റ്റർ, ബയോടെക്നോളജി മേഖലകളിലാണ് കൂടുതൽ സഹകരണം ലക്ഷ്യമിടുന്നത്.ന്യൂയോർക്കിൽ ഐക്യരാഷ്ട്ര സഭയുടെ ജനറൽ അസംബ്ലിയിലും മോദി പ്രസംഗിക്കും.

# ജമ്മു കശ്മീരിൽ ആദ്യഘട്ട വോട്ടെടുപ്പ് തുടങ്ങി

**ശ്രീനഗർ:** ജമ്മു കശ്മീരിൽ നിയമസഭാ തിരഞ്ഞെടുപ്പിന്റെ ആദ്യഘട്ടം ആരംഭിച്ചു. ആകെയുള്ള 90 മണ്ഡലങ്ങളിൽ 24 മണ്ഡലങ്ങളിലേക്കാണ് വോട്ടെടുപ്പ്. 219 സ്ഥാനാർഥികളാണ് ഇന്ന് ജനവിധി തേടുന്നത്. രാവിലെ ഏഴു മുതൽ വൈകിട്ട് ആറു വരെയാണ് പോളിങ്.

പത്തുവർഷത്തിനു ശേഷമാണ് ജമ്മുവിൽ നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്നത്. ആർട്ടിക്കിൾ 370 റദ്ദാക്കിയതിന് ശേഷമുള്ള ആദ്യ തിരഞ്ഞെടുപ്പാണ് ഇത്. വൻസുരക്ഷാ ക്രമീകരണങ്ങളാണ് ഒരുക്കിയിട്ടുള്ളത്. അനന്ത്നാഗ്, പുൽവാമ, കുൽഗാം, ഷോപ്പിയാൻ, റംബാൻ, കിഷ്ത്വാർ, ദോഡ ജില്ലകളിലാണ് ഇന്ന് പോളിങ്.

ജനങ്ങൾ മികച്ച രീതിയിൽ വോട്ടെടുപ്പിൽ പങ്കെടുക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ആഹ്വാനം ചെയ്തു."ജമ്മു കശ്മീർ



നിയമസഭാ തിരഞ്ഞെടുപ്പിന്റെ ആദ്യഘട്ടം ആരംഭിക്കുന്ന സാഹചര്യത്തിൽ, ഇന്ന് പോളിങ് നടക്കുന്ന എല്ലാ മണ്ഡലങ്ങളിലെയും ആളുകളോട് മികച്ച രീതിയിൽ വോട്ട് രേഖപ്പെടുത്തി ജനാധിപത്യോത്സവം കൂടുതൽ ശക്തമാക്കണമെന്ന് ആഹ്വാനം ചെയ്യുന്നു. പ്രത്യേകിച്ച്, യുവതലമുറയും ആദ്യമായി വോട്ട് ചെയ്യുന്നവരും വോട്ടവകാശം വിനിയോഗിക്കണം." പ്രധാനമന്ത്രി എക്സിൽ കുറിച്ചു.

## ലെബനനിൽ പേജറുകൾ പൊട്ടിത്തെറിച്ചു; 9 മരണം

**ജറുസലം:** സന്ദേശങ്ങൾ കൈമാറാനായി കൊണ്ടുനടക്കുന്ന ഇലക്ട്രോണിക് പേജറുകൾ പൊട്ടിത്തെറിച്ച് കിഴക്കൻ ലബനനിൽ ഹിസ്ബുല്ല ഭീകരർ കൊല്ലപ്പെട്ടു. ഇറാന്റെ പിന്തുണയുള്ള ഭീകര സംഘടനയായ ഹിസ്ബുല്ലയെ ലക്ഷ്യമിട്ട് ബെയ്റൂട്ട് അടക്കം വിവിധ സ്ഥലങ്ങളിൽ ഒരേസമയമുണ്ടായ സ്ഫോടനങ്ങളിൽ നൂറുകണക്കിനു ഹിസ്ബുല്ല ഭീകരർ അടക്കം 2,750 പേർക്കു പരിക്കേറ്റു. ഇന്നലെ ഉച്ചകഴിഞ്ഞ് 3.30നാണ് സംഭവം. ആക്രമണത്തിനു പിന്നിൽ ഇസ്രയേലാണെന്നു ഹിസ്ബുല്ല ഭീകരർ ആരോപിച്ചു.

# ഏഷ്യൻ ചാംപ്യൻസ് ട്രോഫി ഹോക്കി കിരീടം ഇന്ത്യക്ക്

**ഹുലുൻബുയിർ (ചൈന):** ഏഷ്യൻ ചാംപ്യൻസ് ട്രോഫി ഹോക്കി ടൂർണമെൻറിൽ ഇന്ത്യ അഞ്ചാം വട്ടവും ചാംപ്യൻമാരായി. ചൈനയിൽ നടന്ന ഫൈനലിൽ ആതിഥേയരെ ഏകപക്ഷീയമായ ഒരു ഗോളിനാണ് ഇന്ത്യ കീഴടക്കിയത്. ഇന്ത്യയുടെ സമ്പൂർണ ആധിപത്യം കണ്ട ടൂർണമെൻറിൽ എല്ലാ മത്സരങ്ങളും ജയിച്ചാണ് ടീം ആധികാരികമായി കിരീടം സ്വന്തമാക്കിയത്.

ഡിഫൻഡർ ജുഗ്‌രാജ് സിങ്ങിൻറെ പേരിലാണ് മത്സരത്തിലെ ഏക ഗോൾ കുറിക്കപ്പെട്ടത്. ഇത്രയും മത്സരങ്ങളിൽ ഇന്ത്യ ഏറ്റവും കടുത്ത വെല്ലുവിളി നേരിട്ട മത്സരമായിരുന്നു ഇത്. ആദ്യ മൂന്നു പാദങ്ങളിലും ചൈനയുടെ പ്രതിരോധം ഭേദിക്കാൻ സാധിക്കാതിരുന്ന ഇന്ത്യ അവസാന പാദത്തിലാണ് ജയമുറപ്പിച്ച ഗോൾ സ്വന്തമാക്കുന്നത്, 51ാം മിനിറ്റിൽ.

രണ്ടാം വട്ടം മാത്രമാണ് ചൈന




ഒരു അന്താരാഷ്ട്ര ഹോക്കി ടൂർണമെൻറിൻറെ ഫൈനൽ കളിക്കുന്നത്. ഒളിംപിക്സ് വെങ്കല ജേതാക്കളെ വിറപ്പിച്ച പ്രകടനം പുറത്തെടുക്കാനും അവർക്കു സാധിച്ചു. ആദ്യ മത്സരത്തിൽ ഇന്ത്യ ചൈനയെ എതിരില്ലാത്ത മൂന്നു ഗോളിനു കീഴടക്കിയിരുന്നു.

ജേതാക്കളായ ഇന്ത്യൻ ടീമിലെ ഓരോ കളിക്കാർക്കും ഹോക്കി ഇന്ത്യ മൂന്ന് ലക്ഷം രൂപ വീതം പാരിതോഷം പ്രഖ്യാപിച്ചിട്ടുണ്ട്. സപ്പോർട്ട് സ്റ്റാഫിന് ഒന്നര ലക്ഷം രൂപ വീതവും നൽകും.





കേരള വ്യാപാരി വ്യവസായി ഏകോപന സമിതി എളമക്കര യൂണിറ്റിന്റെ നേതൃത്വത്തിൽ അംഗങ്ങളുടെ മക്കൾക്കായി ഏർപ്പെടുത്തിയ വിദ്യാഭ്യാസ അവാർഡുകളുടെ വിതരണം ജില്ലാ വർക്കിംഗ് പ്രസിഡന്റ് ജിമ്മി ചക്യത്തും ട്രഷറർ സി എസ് അജ്മലും ചേർന്ന് നിർവ്വഹിക്കുന്നു. പി.എ സ്ഫറുള്ള, എഡ്വേർഡ് ഫോസ്റ്റസ്, എസ്.മനോജ്കുമാർ, പി വി മോഹൻദാസ് തുടങ്ങിയവർ സമീപം

## കെ.വി.വി.ഇ.എസ് വിദ്യാഭ്യാസ അവാർഡുകൾ വിതരണം ചെയ്തു

**കൊച്ചി:** കേരള വ്യാപാരി വ്യവസായി ഏകോപന സമിതി എളമക്കര യൂണിറ്റിന്റെ നേതൃത്വത്തിൽ അംഗങ്ങളുടെ മക്കൾക്കായി ഏർപ്പെടുത്തിയ വിദ്യാഭ്യാസ അവാർഡുകളുടെ വിതരണവും ജില്ലാ ഭാരവാഹികൾക്ക് സ്വീകരണവും നൽകി . എളമക്കര വ്യാപാര ഭവനിൽ നടന്ന സമ്മേളനം ഏകോപനി സമിതി ജില്ലാ ട്രഷറർ സി. എസ് അജ്മൽ ഉദ്ഘാടനം ചെയ്തു. ജില്ലാ വർക്കിംഗ് പ്രസിഡന്റ് ജിമ്മി ചക്യത്തും ട്രഷറർ സി എസ് അജ്മലും ചേർന്ന് വിദ്യാഭ്യാസ അവാർഡുകൾ വിതരണം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് എഡ്വേർഡ് ഫോസ്റ്റസ് അധ്യക്ഷത വഹിച്ചു.ജില്ലാ വൈസ് പ്രസിഡന്റുമാരായ എം.സി പോൾസൺ, അബ്ദുൾ റസാക്ക്, യൂണിറ്റ് ജനറൽ സെക്രട്ടറി എസ്.മനോജ്കുമാർ, ട്രഷറർ പി.എ സഫറുള്ള, ഫിനാൻസ് കമ്മിറ്റി ചെയർമാൻ ടി പി പുരുഷോത്തമൻ, വൈസ് പ്രസിഡന്റുമാരായ ടി എ ഉമ്മർ, പി വി മോഹൻദാസ് തുടങ്ങിയവർ സംസാരിച്ചു. യൂത്ത് വിംഗ്, വനിതാ വിംഗ് ഭാരവാഹികളുടെ തിരഞ്ഞെടുപ്പും നടന്നു.



# ബെവ്കോയുടെ പരസ്യവീഡിയോയിക്കെതിരെ ശക്തമായ നടപടി വേണം
# കെ.സി.ബി.സി. നിയമനടപടികളിലേക്ക്

**കൊച്ചി:** പൊതുജനത്തെ മദ്യശാലകളിലേക്ക് ആകർഷിക്കാൻ കടുത്ത അബ്കാരി ചട്ടലംഘനം നടത്തി മദ്യപാനത്തെ പ്രോത്സാഹിപ്പിക്കുന്ന പരസ്യവീഡിയോ പുറത്തുവിട്ട സംസ്ഥാന ബിവറേജസ് കോർപ്പറേഷനെതിരെ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് കേരള കാത്തലിക് ബിഷപ്സ് കൗൺസിൽ മദ്യവിരുദ്ധ സമിതി സംസ്ഥാന നേതൃയോഗം ആവശ്യപ്പെട്ടു. ബെവ്കോയുടെ നിയമലംഘനങ്ങൾക്കെതിരെ നിയമനടപടികളിലേക്ക് കടക്കും.കേരള അബ്കാരി ആക്ട് (1) 1077 സെക്ഷൻ 55ഒ പ്രകാരം ഗുരുതരമായ ചട്ടലംഘനത്തിന് ആറ് മാസം തടവോ പിഴയോ രണ്ടും കൂടിയോ ബെവ്കോ അധികാരികൾക്ക് ലഭിക്കാവുന്ന കുറ്റമാണിത്.ഒരു സ്ത്രീ ബെവ്കോയ്ക്കുവേണ്ടി ലൈംഗിക ചുവയോടെ ടിക്ടോക് മാധ്യമം മുഖേന നടത്തുന്ന പരാമർശങ്ങളാണ് വിവാദമായിരിക്കുന്നത്. കുടിക്കൂ... വരൂ.... ക്യൂവിലണിചേരൂ! ആഢംബരങ്ങൾക്ക് കൈത്താങ്ങാകൂ! എന്ന കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ ലോഗോയോടുകൂടിയ പരസ്യമാണ് കടുത്ത നിയമലംഘനമായി കെ.സി.ബി.സി. ചൂണ്ടിക്കാട്ടുന്നത്. മനുഷ്യന്റെ മദ്യാസക്തിയെന്ന ബലഹീനതയെ സർക്കാരും ബെവ്കോയും ചൂഷണം ചെയ്യുകയാണ്. സർക്കാരിന് 202425 വർഷത്തിൽ മദ്യനയമില്ല. 'കട്ടപ്പുറത്തെ നയ'മാണ് സർക്കാർ നടപ്പിലാക്കുന്നത്. പൊതുജനത്തിന്റെ ശാരീരികമാനസിക ആരോഗ്യത്തിന് തെല്ലും വിലകല്പിക്കുന്നില്ല. യഥേഷ്ടം മദ്യശാലകൾ അനുവദിച്ച് തേരോട്ടം തുടരുകയാണ് സർക്കാർ. നയം രൂപീകരിക്കാതെ നാഥനില്ലാ കളരിയാകുകയാണ് എക്സൈസ് വകുപ്പ്. എം.ഡി. എം.എ. പോലുള്ള മാരക രാസലഹരികൾ സംസ്ഥാനത്ത് യഥേഷ്ടം എത്തിച്ചേരുകയും ദുരുപയോഗം ചെയ്യപ്പെടുകയുമാണ്. സ്കൂൾ കുട്ടികളെപോലും വാഹകരും ഉപയോക്താക്കളുമായി ലഹരിമാഫിയ മാറ്റുന്നു. ഈയൊരു അവസ്ഥയ്ക്ക് സർക്കാർ തടയിടണം. അല്ലാത്തപക്ഷം മാനസിക രോഗികളുടെ നാടായി മാറും കേരളം.

മദ്യവിരുദ്ധ കമ്മീഷൻ സെക്രട്ടറി ഫാ. ജോൺ അരീക്കൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനം ചെയർമാൻ ബിഷപ് ഡോ. യൂഹാനോൻ മാർ തിയോഡോഷ്യസ് ഉദ്ഘാടനം ചെയ്തു. സംസ്ഥാന സെക്രട്ടറി പ്രസാദ് കുരുവിള, ഭാരവാഹികളായ വി.ഡി. രാജു, സി.എക്സ്. ബോണി, ഫാ. സണ്ണി മഠത്തിൽ, ഫാ. ആന്റണി അറയ്ക്കൽ, കെ.പി. മാത്യു, അന്തോണിക്കുട്ടി ചെതലൻ, റോയി ജോസ്, ടോമി വെട്ടിക്കാട്ട്, തോമസുകുട്ടി മണക്കുന്നേൽ, സിബി ഡാനിയേൽ, തോമസ് കോശി, ഫാ. ദേവസി പന്തല്ലൂക്കാരൻ, ആന്റണി ജേക്കബ് ചാവറ, മേരി ദീപ്തി എന്നിവർ പ്രസംഗിച്ചു.

# നാളികേര ദിനാചരണം: ദേശീയ സെമിനാർ ഇന്ന്

**കൊച്ചി:** ഈ വർഷത്തെ ലോക നാളികേര ദിനാചരണത്തിന്റെ ഭാഗമായി നാളികേര വികസന ബോർഡ് കർണ്ണാടക സംസ്ഥാന ഹോർട്ടികൾച്ചർ വകുപ്പുമായി ചേർന്ന് സെപ്റ്റംബർ 18ന് കർണ്ണാടക രാമനഗര ശ്രീ മഞ്ജുനാഥ കൺവെൻഷൻ ഹാളിൽ നടത്തുന്ന ദേശീയതല സെമിനാർ കേന്ദ്ര കൃഷി കർഷക ക്ഷേമ വകുപ്പ് സഹമന്ത്രി രാം നാഥ് താക്കൂർ ഉദ്ഘാടനം ചെയ്യും. .ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നുള്ള ആയിരത്തോളം പുരോഗമന കർഷകരും, സംരംഭകരും, ഉത്പാദകരും, നാളികേര വികസന ബോർഡ് ഉദ്യോഗസ്ഥർ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരും പരിപാടിയിൽ പങ്കെടുക്കും. കർഷകർക്കായി നാളികേര വികസന ബോർഡ് ഉദ്യോഗസ്ഥർ, തെങ്ങ് കൃഷി രീതിയും സസ്യ സംരക്ഷണവും, മൂല്യവർദ്ധനവ്, രോഗ കീട നിയന്ത്രണ മാർഗ്ഗങ്ങൾ എന്നീ വിഷയങ്ങളെ സംബന്ധിച്ച ക്ലാസ്സുകൾ നയിക്കും. ഇതോടനുബന്ധിച്ച് പ്രദർശന മേളയും സംഘടിപ്പിച്ചിട്ടുണ്ട്. പ്രതിവർഷം 5949.46 ദശലക്ഷം നാളികേരം ഉത്പാദിപ്പിക്കുന്ന കർണ്ണാടകയിലാണ് രാജ്യത്തെ ഏറ്റവും ഉയർന്ന നാളികേര ഉത്പാദനം. 705.11 ആയിരം ഹെക്ടറിൽ വിസ്തൃതിയുമായി തെങ്ങു കൃഷിയിൽ രണ്ടാം സ്ഥാനത്താണ്. സംസ്ഥാനത്തിന്റെ ഉത്പാദനക്ഷമത ഹെക്ടറിൽ 8438 നാളികേരമാണ്. തുംകൂർ, ഹസ്സൻ, ചിക്കമംഗളൂരു, മാണ്ഡ്യ, ചിത്രദുർഗ്ഗ, ദക്ഷിണ കന്നഡ, രാമനഗര എന്നീ ജില്ലകളിലാണ് സംസ്ഥാനത്തെ നാളികേരത്തിന്റെ മൊത്തം വിസ്തൃതിയുടെയും ഉൽപാദനത്തിന്റെയും 80 ശതമാനത്തിലധികം ഉള്ളത്. കഴിഞ്ഞ 10 വർഷത്തിനിടെ സംസ്ഥാനത്തെ നാളികേര കർഷകർക്കായി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ബോർഡ് 19148.97 ലക്ഷം രൂപ ധനസഹായമായി നൽകിയിട്ടുണ്ട്. മാണ്ഡ്യയിൽ സ്ഥിതി ചെയ്യുന്ന ബോർഡിന്റെ വിത്തുൽപ്പാദന പ്രദർശന തോട്ടത്തിലൂടെ ഉയർന്ന ഗുണമേന്മയുള്ള തൈകളും നടീൽ വസ്തുക്കളും ലഭ്യമാക്കാൻ സൗകര്യമൊരുക്കിയിട്ടുണ്ട്. ഉയർന്ന വിളവ് നൽകുന്നതും രോഗ പ്രതിരോധശേഷിയുള്ളതുമായ ഇനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെ, ബോർഡ് നാളികേര ഉൽപ്പാദനം വർദ്ധിപ്പിക്കുക മാത്രമല്ല, നാളികേര കൃഷിയുടെ സുസ്ഥിരത ശക്തിപ്പെടുത്തുകയും ചെയ്യുന്നു. കഴിഞ്ഞ 10 വർഷത്തിനിടെ ഫാമിൽ മൊത്തം 12.86 ലക്ഷം തൈകൾ ഉത്പാദിപ്പിച്ച് കർഷകർക്കായി ലഭ്യമാക്കിയിട്ടുണ്ടെന്ന് അധികൃതർ വ്യക്തമാക്കി.

## മോസ്കോ ഇൻറർനാഷണൽ ഫിലിം വീക്ക്: ഇന്ത്യൻ സിനിമയ്ക്ക് നേട്ടം




**കൊച്ചി:** റഷ്യൻ തലസ്ഥാനത്തു സമാപിച്ച മോസ്കോ ഇൻറർനാഷണൽ ഫിലിം വീക്കിൽ (എം ഐ എ ഫ് ഡബ്ലിയു) ഇന്ത്യൻ സിനിമയ്ക്ക് അന്താരാഷ്ട്ര തലത്തിൽ മികച്ച നേട്ടം കൈവരിക്കാനായി.സിനിമാറ്റിക് സർഗാത്മകതയ്ക്കും ക്രോസ് കൾച്ചറൽ സഹകരണത്തിനുള്ള ഒരു ഊർജ്ജസ്വല പ്ലാറ്റ്ഫോമായിരുന്നു എംഐഎഫ്ഡബ്ലിയു. ഈ മേളയിലൂടെ ഇന്ത്യൻ സിനിമകൾക്ക് ശാശ്വതമായൊരു മതിപ്പ് സൃഷ്ടിക്കാനായി. കിരൺ റാവുവിൻെറ ലാപാടാ ലേഡീസിൻെറ പ്രദർശനത്തോടെയാണ് ഫിലിം വീക്ക് ആരംഭിച്ചത്.

ഇന്ത്യൻ സിനിമയുടെ സാർവത്രിക പ്രമേയങ്ങളും, കലാപരമായ വൈഭവവും, കലയ്ക്കു അതിർവരമ്പുകളില്ലെന്ന് തെളിയിക്കുകയും, സാംസ്കാരിക വിഭജനത്തെ മറികടക്കാൻ ഒരു സിനിമയ്ക്ക് എങ്ങനെ സാധിമെന്നും എടുത്തുകാണിച്ചു ഈ ചിത്രത്തിന് ഭാഷയുടെ അതിർവരമ്പുകൾ മറികടന്ന് പ്രേക്ഷകരിൽ ഇടംനേടാനായി. രാജ്യത്തിൻെറ സമ്പന്നമായ സിനിമാറ്റിക് കഥപറച്ചിൽ പാരമ്പര്യത്തെ തുറന്നു കാണിച്ച മേളയിലെ മറ്റൊരു ഇന്ത്യൻ സിനിമയായിരുന്നു 'കൽക്കി'. ഈ രണ്ടു സിനിമകളും ഫെസ്റ്റിവലിലെ ഹൈലൈറ്റുകളായി മാറുകയും ലോക പ്രേക്ഷകരെ ആകർഷിക്കുകയും ചെയ്തു. മേളയുടെ ഭാഗമായി സംഘടിപ്പിച്ച വിവിധ ബിസിനസ് പ്രോഗ്രാമുകൾ ഇന്ത്യൻ സിനിമാ വ്യവസായത്തിന് മുതൽക്കൂട്ടായി. രാജ്യത്തെ സർക്കാർ ഉദ്യോഗസ്ഥർ, ചലച്ചിത്ര മേഖലയിലെ പ്രമുഖർ, പത്രപ്രവർത്തകർ തുടങ്ങിയവർ ഇന്ത്യൻ സിനിമയെ പ്രതിനിധീകരിച്ചു. 40 രാജ്യങ്ങളുടെ പങ്കാളിത്തവും, 70 സിനിമകളുടെ പ്രദർശനവും, 6 ലക്ഷം പേരുടെ സാന്നിധ്യവും എം ഐ എഫ് ഡബ്ലിയുവിനെ സമ്പന്നമാക്കി.

# സൈബർ കേസ് അന്വേഷണത്തിന് പുതിയരീതി വേണ്ടിവരും: കൊച്ചി സിറ്റി പോലീസ് കമ്മീഷണർ



**കൊച്ചി:** വർധിച്ചുവരുന്ന സൈബർ കേസുകളിൽ അന്വേഷണത്തിന് പുതിയരീതി വേണ്ടിവരുമെന്ന് കൊച്ചി സിറ്റി പോലീസ് കമ്മീഷണർ പുട്ട വിമലാദിത്യ. എറണാകുളം പ്രസ് ക്ലബ്ബിന്റെ മുഖാമുഖം പരിപാടിയിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. വിവിധ സംസ്ഥാനങ്ങളിലെ ഏജൻസികളുമായി ബന്ധപ്പെട്ടുള്ള അന്വേഷണങ്ങൾ നിലവിൽ പ്രതിസന്ധി നേരിടുകയാണ്. ഈ സാഹചര്യത്തിൽ സൈബർ കേസുകൾ കൈകാര്യം ചെയ്യാൻ പുതിയ അന്വേഷണരീതി അനിവാര്യമാണ്. ഇതിന് ഇന്ത്യൻ സൈബർ കോഓർഡിനേഷൻ സെന്ററിന്റെ(ഐഫോർസി) സേവനം പ്രയോജനപ്പെടുത്താൻ കഴിയും വിധമുള്ള സംവിധാനങ്ങൾ വരേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു. ആളുകളുടെ അറിവില്ലായ്മ മുതലെടുത്താണ് തട്ടിപ്പുകളിൽ ഭൂരിഭാഗവും നടക്കുന്നത്. അനധികൃത ആപ്പുകളടക്കം മൊബൈലിൽ ഇൻസ്റ്റാൾ ചെയ്യുന്നവർ ജാഗ്രപാലിക്കണം. തട്ടിപ്പുകാർക്ക് സഹായകമാകുന്ന വിധം സ്വകര്യ വിവരങ്ങൾ സമൂഹമാധ്യമങ്ങളിൽ പങ്കുവെയ്ക്കുന്ന പ്രവണ അവസാനിപ്പിക്കണമെന്നും അദ്ദേഹം പറഞ്ഞു.

കൊച്ചി സിറ്റിയിലടക്കം സൈബർ കേസുകൾ പെരുകിയതോടെ വിപുലമായ ബോധവൽക്കണ പരിപാടികൾ സംഘടിപ്പിക്കാനൊരുങ്ങുകയാണ് പോലീസ്. ഇതിനായി റെസിഡൻസ് അസോസിയേഷൻ ഉൾപ്പെടെയുള്ളവയുമായി പോലീസ് സഹകരിക്കും. കൊച്ചുകുട്ടികളടക്കമുള്ളവരെ ലക്ഷ്യമിട്ട് സമൂഹമാധ്യമങ്ങളിൽ റീൽസ്, ബോധവൽക്കരണ സന്ദേശമടങ്ങുന്ന ദൃശ്യങ്ങൾ എന്നിവ പുറത്തിറക്കും. സ്കൂളുകളും കോളജുകളും കേന്ദ്രീകരിച്ചും പോലീസ് ബോധവൽക്കരണം നടത്തുമെന്നും അദ്ദേഹം പറഞ്ഞു. കൊച്ചിയിലെ ലഹരി ഇടപാടുകളെ നിയന്ത്രിക്കാൻ നിലവിൽ പോലീസ് തുടർന്നു വരുന്ന പദ്ധതികൾ ഊർജിതാക്കും. എൻഡിപിഎസ് കേസുകൾ രജിസ്റ്റർ ചെയ്യാൻ പോലീസിന് പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്. വിദ്യാലയങ്ങളുടെ പരിസരത്ത് ലഹരി വിൽപ്പന നടത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കും. ഒന്നിലേറെ തവണ ലഹരി കേസുകളിൽ പ്രതികളാകുന്നവരെ നിരീക്ഷിച്ച് കുറ്റകൃത്യം തടയുന്നതിനുള്ള സംവിധാനം ഒരുക്കുമെന്നും കമ്മീഷണർ പറഞ്ഞു. വർധിച്ചു വരുന്ന അക്രമ സംഭവങ്ങളെ നിയന്ത്രിക്കും. ഇതിന്റെ ഭാഗമായി ക്രിമിനൽ മാപ്പിംഗ് നടന്നു വരികയാണ്. നഗരത്തിന് പുറത്തുനിന്നെത്തി രാത്രികാലങ്ങളിലടക്കം കുറ്റകൃത്യത്തിലേർപ്പെടുന്നവരെ നിരീക്ഷിക്കും. സമീപകാലത്ത് മാവോസ്റ്റ് അറസ്റ്റ് കൊച്ചിയിൽ നടന്നിരുന്നു. ഇവരുമായി ബന്ധപ്പെട്ടവർ കൊച്ചിയിൽ ഇനിയുമുണ്ടാകുമെന്നാണ് കരുതുന്നത്. ആ കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കും.

രാത്രികാല പട്രോളിംഗ് വീണ്ടും ശക്തമാക്കുന്ന നടപടികൾ സ്വീകരിക്കും. തിരക്കേറിയ നഗരത്തിനുള്ളിലെ പ്രധാന ഇടങ്ങളിലടക്കം പോലീസിന്റെ സാന്നിധ്യം നിലവിൽ ഇല്ല. ഇത് പരിഹരിക്കുന്നതിനുള്ള നടപടികളെക്കുറിച്ച് ആലോചിക്കും. രൂക്ഷമായ ഗതാഗതക്കുരുക്കിന് പരിഹാരം കാണുന്നതിനും ശ്രമങ്ങൾ നടത്തുമെന്നും കമ്മീഷണർ പറഞ്ഞു.

# പക്ഷിവളർത്തൽ നിരോധനം: 96,313 മുട്ടകൾ നശിപ്പിച്ചു; 5 രൂപ നിരക്കിൽ നഷ്ടപരിഹാരം നൽകും



**ആലപ്പുഴ:** ജില്ലയിലെ മൂന്നു ഹാച്ചറികളിൽ അടവച്ചിരുന്ന 96,313 മുട്ടകൾ നശിപ്പിച്ചു. പക്ഷിപ്പനി പ്രതിരോധത്തിന്റെ ഭാഗമായി ഡിസംബർ 31 വരെ ജില്ലയിൽ ഹാച്ചറികളുടെ പ്രവർത്തനം നിർത്തി വയ്ക്കുന്നതിനും എല്ലാത്തരം വളർത്തുപക്ഷികളുടെയും ജില്ലയുടെ പുറത്തേക്കും അകത്തേക്കുമുള്ള കടത്ത് പൂർണമായും തടയാനും കലക്ടർ അലക്സ് വർഗീസിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനമെടുത്തതിനെ തുടർന്നാണു മുട്ടകൾ നശിപ്പിച്ചത്. ചെന്നിത്തല മേഖലയിലായിരുന്നു മൂന്നു ഹാച്ചറികളും. നശിപ്പിച്ച മുട്ടകൾക്ക് 5 രൂപ നിരക്കിൽ നഷ്ടപരിഹാരം നൽകും.

സംസ്ഥാന സർക്കാർ പുറത്തിറക്കിയ ഗസറ്റ് വിജ്ഞാപന പ്രകാരമാണു നടപടി. ജില്ലയിലേക്ക് അനധികൃതമായി വളർത്തുപക്ഷികളെ കൊണ്ടുവരുന്നുണ്ടോ എന്നു ജില്ലാ അതിർത്തിയിൽ പരിശോധിക്കാൻ പൊലീസിന്റെ സഹായവും തേടുന്നുണ്ട്. ഓഗസ്റ്റ് 31നാണു വിജ്ഞാപനം പുറത്തിറങ്ങിയതെങ്കിലും അടുത്തയാഴ്ചയോടെയേ പക്ഷികളുടെ കടത്ത് കർശനമായി തടയൂ. ചിക്കൻ വ്യാപാരികളുടെ ഓണക്കാലത്തെ വരുമാനം നഷ്ടപ്പെടാതിരിക്കാനാണു നടപടികൾ ഒരാഴ്ച വൈകിച്ചത്.

ജില്ലയ്ക്കു പുറത്തു നിന്നു ഇറച്ചിക്കോഴികളെ എത്തിക്കരുതെന്നു ചിക്കൻ വ്യാപാരികൾക്കു നോട്ടിസ് നൽകും. മൃഗസംരക്ഷണ വകുപ്പിന്റെ നിർദേശപ്രകാരം അതതു തദ്ദേശ സ്ഥാപനങ്ങളാകും നോട്ടിസ് നൽകുക. ചിക്കൻ വ്യാപാര സ്ഥാപനങ്ങൾക്കു തദ്ദേശ സ്ഥാപനങ്ങളാണു ലൈസൻസ് നൽകുക എന്നതിനാലാണ് അവർ തന്നെ നോട്ടിസ് നൽകട്ടെയെന്നും തീരുമാനിച്ചത്.തമിഴ്നാട്ടിൽ നിന്നുൾപ്പെടെ ഇറച്ചിക്കോഴി വരുന്നതിനാൽ ഡീലർമാരെ കണ്ടെത്തി നോട്ടിസ് നൽകുക എളുപ്പമല്ല. ജില്ലയിലെ വ്യാപാരികളിൽ നിന്ന് ഓർഡർ പോയില്ലെങ്കിൽ ജില്ലയിലേക്കുള്ള ഇറച്ചിക്കോഴി വരവ് നിലയ്ക്കുമെന്നാണു വിലയിരുത്തൽ.

# വികസിത് ഭാരത്@2047: ജയിൻ യൂണിവേഴ്സിറ്റി-കുസാറ്റ് സംയുക്ത ഗവേഷണ പഠന പദ്ധതിക്ക് ധനസഹായം

**കൊച്ചി:** ഇന്ത്യൻ കൗൺസിൽ ഓഫ് സോഷ്യൽ സയൻസ് റിസേർച്ച്( ഐസിഎസ്എസ്ആർ) വികസിത് ഭാരത് 2047 ന്റെ ഭാഗമായി നടപ്പാക്കുന്ന സംയുക്ത ഗവേഷണ പഠന പദ്ധതിക്ക് കൊച്ചി ജയിൻ യൂണിവേഴ്സിറ്റിയും കുസാറ്റും അർഹരായി. ഇരു യൂണിവേഴ്സിറ്റികളും സംയുക്തമായി നടത്തുന്ന പദ്ധതിക്ക് ഐസിഎസ്എസ്ആറിന്റെ 17,00,000 രൂപയുടെ ഗ്രാന്റും ലഭിച്ചിട്ടുണ്ട്. സ്മാർട്ട്സിറ്റികൾക്കനുയോജ്യമായ ഉൾനാടൻ ജലഗതാഗത പദ്ധതികളിൽ ആദ്യത്തെ ചുവടുവയ്പായ കൊച്ചി വാട്ടർ മെട്രോയാണ് പദ്ധതിയുടെ ശ്രദ്ധാകേന്ദ്രം. മാനേജ്മെന്റ്, ഫിഷറീസ്, ഷിപ്പ് ടെക്നോളജി എന്നീ വ്യത്യസ്തമേഖലകളിൽ വൈദഗ്ധ്യമുള്ള സംഘം കൊച്ചി വാട്ടർ മെട്രോയുടെ പ്രധാനവശങ്ങൾ കേന്ദ്രീകരിച്ച് സമഗ്ര പഠനം നടത്തും. സാമൂഹ്യ സഹകരണവും സ്റ്റേക്ക് ഹോൾഡർമാരുടെ ധാരണകളും മനോഭാവങ്ങളും സാമ്പത്തിക സുസ്ഥിരതയും ഗവേഷണത്തിന്റെ വിഷയമാകും. കൂടാതെ, കൊച്ചി വാട്ടർ മെട്രോ സംവിധാനത്തിന്റെ വിശദമായ ലൈഫ് സൈക്കിൾ അസസ്മെന്റും പദ്ധതിയുടെ ഭാഗമായി നടത്തും.

ജയിൻ യൂണിവേഴ്സിറ്റി കൊച്ചി ക്യാമ്പസിലെ സിഎംഎസ് ബിസിനസ് സ്കൂൾ ഡയറക്ടറും അസോസിയേറ്റ് പ്രൊഫസറുമായ ഡോ. ഗിരീഷ് എസ്. പതിയാണ് പഠന പദ്ധതിയുടെ ഏകീകരണം നിർവഹിക്കുന്നത്. കുസാറ്റ് സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസിലെ ബിസിനസ് മാനേജ്മെന്റ് അസോസിയേറ്റ് പ്രൊഫ.ഡോ. ഹരീഷ് എൻ. രാമനാഥൻ, ഡോ. സിമ്മി കുര്യൻ (ഡെപ്യൂട്ടി ഡയറക്ടർ സിഎംഎസ് ബിസിനസ് സ്കൂൾ, ജെയിൻ ഡീംഡ് യൂണിവേഴ്സിറ്റി, കൊച്ചി കാമ്പസ്),ഡോ. രാജേഷ് (അസോസിയേറ്റ് പ്രൊഫസർ ഡിപ്പാർട്ട്മെന്റ് ഓഫ് ഷിപ്പ് ടെക്നോളജി,കുസാറ്റ് ), ഡോ. എ.വി.ഷിബു (അസി.പ്രൊഫ., സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസ്, കുസാറ്റ് ), ഡോ. മൂനു ജോൺ( ചീഫ്, സിഎംഎസ് ബിസിനസ് സ്കൂൾ, ജെയിൻ ഡീംഡ് യൂണിവേഴ്സിറ്റി, കൊച്ചി കാമ്പസ്) എന്നിവരാണ് സംഘത്തിലെ പ്രധാന ഗവേഷകർ.

# സ്പോട്ട് അഡ്മിഷൻ

**തിരുവനന്തപുരം:** 202425 അധ്യയന വർഷത്തെ എം.ടെക് പ്രവേശനവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ബാർട്ടൻഹിൽ ഗവൺമെന്റ് എൻജിനീയറിങ് കോളേജിലെ പ്രതീക്ഷിത ഒഴിവുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ 2024 സെപ്റ്റംബർ മാസം 19 വ്യാഴാഴ്ച നടത്തും. വിദ്യാർഥികൾ തങ്ങളുടെ അസൽ സർട്ടിഫിക്കറ്റുകളും അനുബന്ധ രേഖകളുമായി അന്നേ ദിവസം രാവിലെ 9 മണിക്ക് കോളേജിൽ ഹാജരാകണം. രാവിലെ 11 മണിക്ക് ശേഷം രജിസ്ട്രേഷൻ ഉണ്ടായിരിക്കുന്നതല്ല. വിശദവിവരങ്ങൾ കോളേജ് വെബ്സൈറ്റിൽ www.gecbh.ac.in ലഭ്യമാണ്.

# 32 തദ്ദേശവാർഡുകളിലെ വോട്ടർപട്ടിക പുതുക്കുന്നു; കരട് പട്ടിക 20ന് പ്രസിദ്ധീകരിക്കും

**തിരുവനന്തപുരം:** മലപ്പുറം ജില്ലാപഞ്ചായത്തിലെ തൃക്കലങ്ങോട് വാർഡ് ഉൾപ്പെടെ സംസ്ഥാനത്തെ 32 തദ്ദേശസ്വയംഭരണവാർഡുകളിലെ വോട്ടർപട്ടിക സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പുതുക്കുന്നു. കരട് വോട്ടർപട്ടിക 20 നും അന്തിമപട്ടിക ഒക്ടോബർ 19 നും പ്രസിദ്ധീകരിക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ അറിയിച്ചു.

തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ മരണമോ രാജിയോ അയോഗ്യതയോ മൂലമുണ്ടായ ആകസ്മിക ഒഴിവുകളിലേയ്ക്ക് ഉപതിരഞ്ഞെടുപ്പ് നടത്തുന്നതിനാണ് പട്ടിക പുതുക്കുന്നത്.

കരട് പട്ടികയിൽ പേര് ഉൾപ്പെടാത്തവർക്ക് സെപ്തംബർ 20 മുതൽ ഒക്ടോബർ അഞ്ച് വരെ അപേക്ഷിക്കാം. 2024 ജനുവരി 1 നോ അതിന് മുൻപോ 18 വയസ്സ് പൂർത്തിയായവർക്കാണ് പേര് ചേർക്കാനാവുക. ലെര.സല്യമഹമ.ഴീ.ശി ൽ അപേക്ഷ നൽകണം.

പട്ടികയിലെ ഉൾക്കുറിപ്പുകളിൽ ഭേദഗതി വരുത്തുന്നതിനും സ്ഥാനമാറ്റം വരുത്തുന്നതിനുമുള്ള അപേക്ഷകളും ഓൺലൈനായി നൽകാം. പേര് ഒഴിവാക്കാൻ ഓൺലൈനായി രജിസ്റ്റർ ചെയ്ത അപേക്ഷയുടെ പ്രിന്റൗട്ട് നേരിട്ടോ തപാലിലൂടെയോ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് നൽകണം.

ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി വാർഡുകളിൽ അതാത് സ്ഥാപനങ്ങളിലെ സെക്രട്ടറിമാരാണ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ. കരട് പട്ടിക അതാത് തദ്ദേശസ്ഥാപനങ്ങളിലും താലൂക്ക് ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും പ്രസിദ്ധീകരിക്കും. 12 ജില്ലകളിലായി ഒരു ജില്ലാപഞ്ചായത്ത് വാർഡ്, നാല് ബ്ലോക്ക് പഞ്ചായത്ത് വാർഡുകൾ, മൂന്ന് മുനിസിപ്പാലിറ്റി വാർഡുകൾ, 24 ഗ്രാമപഞ്ചായത്ത് വാർഡുകൾ എന്നിവയിലാണ് ആകസ്മിക ഒഴിവുകളുള്ളത്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഉത്തൃട്ടാതി ഊരുചുറ്റ് ജലോത്സവം 19ന്: അകമ്പടി സേവിക്കാൻ ചുരുളൻ വള്ളം നീറ്റിലിറക്കി

**കുമാരനല്ലൂർ:** ഉത്തൃട്ടാതി ഊരുചുറ്റ് ജലോത്സവം 19ന്. ചുണ്ടൻ വള്ളമായ വിനായകൻ ദേവിയുടെ സിംഹവാഹനം വഹിക്കും. സിംഹവാഹനം വഹിക്കുന്ന വള്ളത്തിന് അകമ്പടി സേവിക്കാൻ കുമാരനല്ലൂരമ്മ എന്ന പേരിൽ ചുരുളൻ വള്ളം നീറ്റിലിറക്കി. കുമാരനല്ലൂർ ദേവി പള്ളിയോടത്തിലേറി ദേശവഴികളിലെ ഭക്തരെ അനുഗ്രഹിക്കുന്നതിനു വേണ്ടി ഊരു ചുറ്റുന്നു എന്നാണ് ഐതിഹ്യം. വിവിധ എൻഎസ്എസ് കരയോഗങ്ങളുടെയും ഹൈന്ദവ സംഘടനകളുടെയും നേതൃത്വത്തിലാണ് ജലോത്സവം. ദേവീചൈതന്യത്തെ സിംഹവാഹനത്തിൽ ആവാഹിച്ചു രാവിലെ ക്ഷേത്രനടയിൽ നിന്ന് വാദ്യഘോഷങ്ങളോടെ ആറാട്ടുകടവായ പുത്തൻകടവിൽ എത്തിച്ചേരും.

8നു ചുണ്ടൻ വള്ളം ദേവിയുടെ സിംഹവാഹനം വഹിച്ച് ജലോത്സവം ആരംഭിക്കും. കരയോഗങ്ങളുടെ കളിവള്ളങ്ങൾ അകമ്പടി സേവിക്കും. വൈകിട്ട് 6ന് ആറാട്ടുകടവിൽ തിരികെയെത്തും. തുടർന്ന് കരവഞ്ചിയോടെ ക്ഷേത്രസന്നിധിയിലെത്തി സിംഹവാഹനം തിരികെ സമർപ്പിക്കുന്നതോടെ ഊരുചുറ്റ് ജലോത്സവം സമാപിക്കും.

സാംസ്കാരിക പൈതൃകം വിളിച്ചോതുന്ന ജലോത്സവം അവിസ്മരണീയമാക്കാനുള്ള ഒരുക്കത്തിലാണു ഭക്തർ. 20 പേർക്ക് ഒന്നിച്ച് തുഴയാവുന്ന 'കുമാരനല്ലൂരമ്മ' ഫൈബർ വള്ളം നീറ്റിലിറക്കി. രാജേഷ് കുമാർ പുന്നയിൽ, പ്രശാന്ത് പി. നായർ, പ്രശാന്ത് ഭവൻ, രൂപക് ആർ.ഉമ്പുക്കാട്ട്, പ്രഭുൽ എം. പടിഞ്ഞാറേക്കുറ്റ്, ജയകൃഷ്ണൻ പുന്നയിൽ, ഗോകുൽ കുമാർ കൊട്ടാരത്തിൽ, അനീഷ് ജി.നായർ മേനാപുരക്കൽ എന്നിവരുടെ നേതൃത്വത്തിലാണ് വള്ളം നിർമിച്ചത്.





## ഓണാഘോഷവും വാർഷിക പൊതുയോഗവും നടത്തി

**കോലഞ്ചേരി :** വയനാട് ഉരുൾപൊട്ടി ഉണ്ടായ ദുരന്തത്തിൽ മരണപ്പെട്ടവർക്ക് ആദരാഞ്ജലികൾ അർപ്പിച്ച് കിങ്ങിണിമറ്റം റെസിഡന്റ്സ് അസ്സോസിയേഷൻ ഓണാഘോഷം നടത്തി. രാവിലെ ഓഫീസിൽ പ്രസിഡന്റ് പതാക ഉയർത്തി. ഓണത്തിന് ചാരുത നൽകുന്ന ഓണപ്പൂക്കളം എല്ലാവരും ചേർന്ന് ഒരുക്കി. വിവിധ കലാകായിക മത്സരങ്ങൾക്ക് ശേഷം വാർഷിക പൊതുയോഗനടപടികൾ പൂർത്തിയാക്കി. ഓണാഘോഷ സമാപന സമ്മേളനം ഉദ്ഘാടനം കോലഞ്ചേരി മെഡിക്കൽ കോളേജ് സെക്രട്ടറി & സി ഇ ഒ ജോയ് പി ജേക്കബ് നിർവ്വഹിച്ചു. പ്രസിഡന്റ് പ്രദീപ് അബ്രാഹാം അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ ആദരിച്ചു. മത്സരങ്ങളിൽ വിജയിച്ചവർക്ക് സമ്മാനങ്ങൾ നൽകി. ഓണസദ്യയിൽ എല്ലാവരും പങ്കെടുത്തു. അസ്സോസിയേഷൻ അംഗങ്ങളുടെ പ്രായമായവർക്കും രോഗികൾക്കും ഓണ സദ്യ വീടുകളിൽ എത്തിച്ച് നൽകി.പൂത്തൃക്ക പഞ്ചായത്തംഗം എൻ വി കൃഷ്ണൻകുട്ടി, ഡോ. തമ്പി ജോർജ്ജ്, പൗലോസ് എ ജെ, അനി ബെൻ കുന്നത്ത്, സുരേന്ദ്രൻ എൻ പി , ജോർജ്ജ്കുട്ടി വി പി, സണ്ണി വി പീറ്റർ,പി കെ തങ്കച്ചൻ, സണ്ണി എം എ , സാജു എം ചെറിയാൻ തുടങ്ങിയവർ പങ്കെടുത്തു.

## ഓപ്പറേഷൻ വെറ്റ്ബയോട്ടിക്: 2.33 ലക്ഷം വിലയുള്ള വെറ്ററിനറി ആന്റിബയോട്ടിക്കുകൾ പിടിച്ചെടുത്തു

**തിരുവനന്തപുരം:** ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗം തടയുന്നതിന് ആരോഗ്യവകുപ്പ് ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നതായി ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ്. ഡോക്ടറുടെ കുറിപ്പടിയില്ലാതെ ആന്റിബയോട്ടിക്കുകൾ നൽകുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിച്ചതോടെ അനാവശ്യമായ ആന്റിബയോട്ടിക് ഉപയോഗത്തിൽ കാര്യമായ കുറവുണ്ടായി. എന്നാൽ വളർത്തു മൃഗങ്ങൾക്ക് വെറ്ററിനറി ഡോക്ടറുടെ നിർദേശമില്ലാതെ ആന്റിബയോട്ടിക്കുകൾ അനാവശ്യമായി നൽകുന്നെന്ന് കണ്ടെത്തി. ഇതിനെ തുടർന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഓപ്പറേഷൻ വെറ്റ്ബയോട്ടിക് എന്ന പേരിൽ പരിശോധനകൾ നടത്തി. ഇത്തരം മൃഗങ്ങളുടെ പാലിലൂടെയും മാംസത്തിലൂടെയും ആന്റിബയോട്ടിക്കുകളുടെ അവശിഷ്ടം മനുഷ്യ ശരീരത്തിലെത്തിയാൽ ആരോഗ്യത്തിന് ഹാനികരമാകാൻ സാധ്യതയുണ്ടെന്ന് കണ്ടെത്തിയതിനെ തുടർന്നാണ് നടപടിയെന്നും മന്ത്രി പറഞ്ഞു.

ഷെഡ്യൂൾ എച്ച്, എച്ച്1 വിഭാഗത്തിൽ ഉൾപ്പെടുന്ന വെറ്ററിനറി ആന്റിബയോട്ടിക് മരുന്നുകൾ, ഫാമുകൾക്കും, ആനിമൽ ഫീഡ് വ്യാപാരികൾക്കും ഒരു മാനദണ്ഡവും പാലിക്കാതെ വിൽപന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് കഴിഞ്ഞ രണ്ട് ദിവസങ്ങളിൽ ഓപ്പറേഷൻ വെറ്റ്ബയോട്ടിക് സംഘടിപ്പിച്ചത്. ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിലെ എൻഫോഴ്സസ്മെന്റ് ഉദ്യോഗസ്ഥർ സംസ്ഥാനത്തുടനീളം പെറ്റ് ഷോപ്പുകളിലും വെറ്ററിനറി മരുന്നുകൾ വിൽപന നടത്തുന്ന ഔഷധ വ്യാപാര സ്ഥാപനങ്ങളിലും റെയ്ഡ് നടത്തി.

വിവിധ ജില്ലകളിലായി 73 സ്ഥാപനങ്ങളിൽ പരിശോധന നടത്തി. ആനിമൽ/ ഫിഷ് ഫീഡുകളിൽ ചേർക്കുന്നതിനായി വിവിധ ഫാമുകളിലേയ്ക്ക് വിതരണം നടത്തുവാനായി വാങ്ങി സൂക്ഷിച്ചിട്ടുള്ള ആന്റിബയോട്ടിക്കുകളും, കോഴികളുടെയും മറ്റ് വളർത്തു മൃഗങ്ങളുടെയും പെട്ടെന്നുള്ള വളർച്ചയ്ക്ക് വേണ്ടി നൽകുന്ന മരുന്ന് ശേഖരങ്ങളും പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.മതിയായ ഡ്രഗ്സ് ലൈസൻസുകൾ ഇല്ലാതെ ആന്റിബയോട്ടിക് മരുന്നുകൾ അനധികൃതമായി വാങ്ങി സൂക്ഷിക്കുകയും വിപണനം നടത്തുകയും ചെയ്ത 2 സ്ഥാപനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ചു. ആനിമൽ ഫീഡ് സപ്ലിമെന്റ് എന്ന വ്യാജേന, മതിയായ ഡ്രഗ്സ് ലൈസൻസുകൾ ഇല്ലാതെ നിർമ്മിച്ച് വിതരണം ചെയ്ത ആന്റിബയോട്ടിക്ക് മരുന്നുകൾ അടങ്ങിയ ആനിമൽ ഫീഡ് സപ്ലിമെന്റുകൾ, വാങ്ങി സൂക്ഷിച്ചതിനും വിൽപന നടത്തിയതിനും 2 ഔഷധ വ്യാപാര സ്ഥാപനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ചു. 1,04,728 രൂപയോളം വിലപിടിപ്പുള്ള ആന്റിബയോട്ടിക്ക് മരുന്നുകൾ അടങ്ങിയ ആനിമൽ ഫീഡ് സപ്ലിമെന്റുകൾ പിടിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്.

മരുന്നു സാമ്പിളുകൾ, ആന്റിബയോട്ടിക്ക് മരുന്നുകൾ അടങ്ങിയ ആനിമൽ ഫീഡ് സപ്ലിമെന്റുകൾ എന്നിവ ഗുണനിലവാര പരിശോധനയ്ക്കായി ഈ സ്ഥാപനങ്ങളിൽ നിന്ന് ശേഖരിച്ച് വകുപ്പിന്റെ തിരുവനന്തപുരം, എറണാകുളം ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളിലേയ്ക്ക് പരിശോധനയ്ക്കായി അയച്ചിട്ടുമുണ്ട്.

## വനിതാരത്നം പുരസ്കാരത്തിന് നോമിനേഷൻ ക്ഷണിച്ചു

**തിരുവനന്തപുരം:** വിവിധ മേഖലകളിൽ പ്രാവീണ്യം തെളിയിച്ച വനിതകളെ ആദരിക്കുന്നതിന് 2015 മുതൽ സംസ്ഥാന സർക്കാർ നൽകി വരുന്ന വനിതാരത്ന പുരസ്കാരത്തിന് നോമിനേഷൻ ക്ഷണിച്ചു. അർഹരായ വ്യക്തികളെ സംഘടനകൾ/സ്ഥാപനങ്ങൾ/മറ്റ് വ്യക്തികൾ എന്നിവർക്ക് നോമിനേറ്റ് ചെയ്യാം. നോമിനേഷൻ ഒക്ടോബർ 10നുള്ളിൽ ജില്ലാ വനിത ശിശു വികസന ഓഫീസർക്ക് സാമൂഹ്യ സേവനം, കായികം, പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് ജീവിത വിജയം നേടിയ വനിത, സ്ത്രീകളുടെയും കുട്ടികളുടെയും ശാക്തീകരണം, വിദ്യാഭ്യാസ മേഖലകളിലും ശാസ്ത്ര സാങ്കേതിക മേഖലകളിലും വ്യക്തിമുദ്ര പതിപ്പിച്ച വനിത, കലാ രംഗം എന്നീ മേഖലകളിലാണ് പുരസ്കാരം നൽകുന്നത്.

## സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോത്സവം; ലോഗോ ക്ഷണിച്ചു

**തിരുവനന്തപുരം:** ഒക്ടോബർ 3, 4, 5 തീയതികളിൽ കണ്ണൂർ ജില്ലയിൽ നടക്കുന്ന സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോത്സവത്തിന് വേണ്ടി വിദ്യാർഥികൾ, അധ്യാപകർ, പൊതുജനങ്ങൾ എന്നിവരിൽ നിന്നും പൊതുവിദ്യാഭ്യാസ വകുപ്പ് ലോഗോ ക്ഷണിച്ചു. കലയുമായി ബന്ധപ്പെട്ട പ്രതീകങ്ങൾ ഉൾപ്പെടുത്തിയാകണം ലോഗോ തയ്യാറാക്കേണ്ടത്. സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോത്സവം 2024 ഒക്ടോബർ 3, 4, 5 എന്ന രേഖപ്പെടുത്തൽ ഉണ്ടാകണം. കണ്ണൂർ ജില്ലയുടേതായ പ്രതീകം അനുയോജ്യമാംവണ്ണം ഉൾപ്പെടുത്താം. എഡിറ്റ് ചെയ്യുവാൻ കഴിയുന്ന തരത്തിലെ ഫോർമാറ്റിൽ സി.ഡി/ പെൻഡ്രൈവും ഒപ്പം എ4 സൈസ് പേപ്പറിൽ കളർ പ്രിന്റും നൽകണം. ലോഗോകൾ 20ന് വൈകുന്നേരം 5 മണിക്കകം സന്തോഷ് സി.എ, പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്), പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, ജഗതി, തിരുവനന്തപുരം 695 014 എന്ന വിലാസത്തിൽ ലഭിക്കണം.

## ഭിന്നശേഷി ക്ഷേമം: ഗവേഷണ പ്രബന്ധം ക്ഷണിച്ചു

**തിരുവനന്തപുരം:** ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായുള്ള ഗവേഷണവും വികസനവും എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഗവേഷണ പ്രബന്ധങ്ങൾ ക്ഷണിച്ചു. ഭിന്നശേഷിക്ക് കാരണമാകുന്ന വിവിധ സാഹചര്യങ്ങൾ കണ്ടെത്തുന്നതിനും അവ പൂർണ്ണമായി ഒഴിവാക്കുക/ നിയന്ത്രിക്കുക എന്നതിനും ലക്ഷ്യമിട്ടാണ് ഈ മേഖലയിൽ പ്രാവീണ്യമുള്ള സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് അപേക്ഷ ക്ഷണിച്ചത്. ഗവേഷണ പദ്ധതികളുടെ സംഗ്രഹ രൂപം കമ്മീഷണർ, ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ്, ആഞ്ജനേയ, റ്റി.സി 9/2023 (1), ഗ്രൗണ്ട് ഫ്ലോർ, ശാസ്തമംഗലം, തിരുവനന്തപുരം 695010 (ഫോൺ: 0471 2720977) എന്ന വിലാസത്തിൽ 20 നകം സമർപ്പിക്കണം.

# ബസ് ഓൺ ട്രാക്ക്; പുതിയ സർവീസുകളുമായി കെഎസ്ആർടിസി പരീക്ഷണ ഓട്ടം തുടങ്ങി

**തൊടുപുഴ:** പത്തു ദിവസം മുൻപാണ് ആറു വർഷത്തെ കാത്തിരിപ്പിന് ശേഷം തോട്ടം മേഖലയായ സൈലന്റ് വാലി തൊടുപുഴ കെഎസ്ആർടിസി ബസ് സർവീസ് തുടങ്ങിയത്. രാവിലെ 6.50ന് മൂന്നാറിൽ നിന്നാരംഭിച്ച് സൈലന്റ് വാലിയിലെത്തുന്ന ബസ് 8.10ന് തിരിച്ച് മൂന്നാർ വഴി തൊടുപുഴയ്ക്ക് പോകും. തൊടുപുഴയിൽ നിന്നു ഒരു മണിക്ക് തിരിച്ച് 5.10 ന് സൈലന്റ് വാലിയിലെത്തുന്ന ബസ് വൈകിട്ട് 6 ന് മൂന്നാർ ഡിപ്പോയിൽ മടങ്ങിയെത്തും. മൂന്നാറിൽ നിന്നു ഗ്രാമീണ സർവീസായ സൈലന്റ് വാലി സർവീസ് 2018ലെ പ്രളയത്തിൽ ഗ്രഹാംസ് ലാൻഡ് റോഡ് തകർന്നതിനെ തുടർന്നാണ് നിലച്ചത്. ഗൂഡാർവിള, സൈലന്റ് വാലി, ഗ്രഹാംസ് ലാൻഡ് മേഖലകളിലെ ആയിരത്തിലധികം കുടുംബങ്ങൾ ഗതാഗത സൗകര്യമില്ലാതെ ആറു വർഷമായി ഒറ്റപ്പെട്ടു കഴിയുകയായിരുന്നു.




പ്രദേശവാസികൾക്ക് ആശ്വാസമായി കലക്ഷൻ നോക്കാതെ തന്നെയാണ് മൂലമറ്റത്തു നിന്ന് കെഎസ്ആർടിസി സർവീസ് നടത്തുന്നത്. പതിപ്പള്ളി, ദേവരുപാറ, ആശ്രമം, ഇലപ്പള്ളി, ഇടാട്, പുള്ളിക്കാനം, പരപ്പ്, പൂമാല തുടങ്ങിയ ഗ്രാമങ്ങളിൽ കെഎസ്ആർടിസി ഇപ്പോൾ സർവീസ് നടത്തുന്നുണ്ട്. വൈകാതെ ആശ്രമം ബസ് മേമ്മുട്ടം കവല വരെ സർവീസ് നടത്താനുള്ള നടപടികൾ പുരോഗമിക്കുകയാണ്. പൊതുമരാമത്ത് വകുപ്പിൽ നിന്നു ഫിറ്റ്നസ് സർട്ടിഫിക്കറ്റും ലഭിച്ചു. ആർടിഒ ഓഫിസിൽ നിന്നുള്ള സർട്ടിഫിക്കറ്റിനായി അപേക്ഷ നൽകിയിട്ടുണ്ട്. ഇത് ലഭിച്ചാൽ വൈകാതെ ആശ്രമം ബസ് മേമ്മുട്ടം കവല വരെ നീട്ടും. ഇത് മേമ്മുട്ടം ഗ്രാമത്തിലെ ഒട്ടേറെ കുടുംബങ്ങൾക്കു ഗുണം ലഭിക്കും. ഇവിടെ നിന്ന് 2 കിലോമീറ്റർ പിന്നിട്ടാൽ ഉളുപ്പൂണിയിൽ എത്താം.

വൈകാതെ കൂവപ്പള്ളി, പണിക്കൻകുടി സർവീസുകൾ ഇവിടെ നിന്ന് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കഴിഞ്ഞ ദിവസം മൂലമറ്റം സ്റ്റേഷനിൽ നിന്ന് ആരംഭിച്ച പരപ്പ് ആലുവ ബസിന് യാത്രക്കാരുടെ പിന്തുണയുണ്ട്. പരപ്പിൽ നിന്നു രാവിലെ ഒട്ടേറെ ആളുകളാണ് തൊടുപുഴ, മുവാറ്റുപുഴ പ്രദേശങ്ങളിലേക്ക് യാത്രയ്ക്കായി എത്തുന്നത്. വൈകാതെ ഈ സർവീസ് ലാഭകരമാക്കാം എന്നാണ് കെഎസ്ആർടിസി കണക്കാക്കുന്നത്.

നെടുങ്കണ്ടം സബ് ഡിപ്പോയിൽ നിന്ന് ആകെയുള്ള 23 ഷെഡ്യൂളുകളിൽ 18 എണ്ണമാണ് നിലവിൽ സർവീസ് നടത്തുന്നത്. മതിയായ കലക്ഷൻ ഇല്ലാത്തതിനാൽ അഞ്ച് ടേക്ക് ഓവർ സർവീസുകൾ താൽക്കാലികമായി നിലച്ചിരിക്കുകയാണ്. രാവിലെ 3.50ന് പുറപ്പെടുന്ന തിരുവല്ല, 4.55ന്റെ കുമളിഎറണാകുളം, 5.10 എറണാകുളം, 7.10 ഉടുമ്പൻചോല കോട്ടയം, 8.10 ചെമ്മണ്ണാർ ചങ്ങനാശരി സർവീസുകളാണ് താൽക്കാലികമായി നിർത്തി വച്ചിരിക്കുന്നത്. എറണാകുളം, കോട്ടയം ജില്ലകളിൽ നിന്നായി കെഎസ്ആർടിസി കട്ടപ്പന, മൂന്നാർ, മറയൂർ വഴി 15 സർവീസുകൾ പുതുതായി ആരംഭിച്ചപ്പോഴും തമിഴ്നാട് അതിർത്തിയോട് ഏറ്റവും ചേർന്ന നെടുങ്കണ്ടം ഡിപ്പോ വഴി ബസുകൾ അനുവദിച്ചിട്ടില്ല.

ഒരു മാസം മുൻപ് ആരംഭിച്ച പുതിയ സർവീസാണ് രാത്രി 12.30ന് നെടുങ്കണ്ടത്ത് നിന്ന് പുറപ്പെട്ട് കട്ടപ്പന മുണ്ടക്കയം കാഞ്ഞിരപ്പള്ളി പത്തനംതിട്ടആയൂർ വഴി രാവിലെ 8ന് തിരുവനന്തപുരത്ത് എത്തിച്ചേരുന്നത്. തിരികെ ഉച്ചയ്ക്ക് 11.20ന് തിരുവനന്തപുരത്തു നിന്നു പുറപ്പെട്ട് കൊട്ടാരക്കര അടൂർ പത്തനംതിട്ടമുണ്ടക്കയം വഴി രാത്രി 7.30 ന് നെടുങ്കണ്ടത്ത് എത്തും.

ആഴ്ചകൾക്ക് മുൻപ് നെടുങ്കണ്ടം ഡിപ്പോയിൽ നിന്നു ആരംഭിച്ച മറ്റൊരു സർവീസാണ് രാവിലെ 7.10 പുറപ്പെടുന്ന തൃശൂർ സർവീസ്. മൈലാടുംപാറ അടിമാലി കോതമംഗലം പെരുമ്പാവൂർ വഴി 12.45ന് തൃശൂരിൽ എത്തുന്ന ബസ് തിരികെ 2.15 നു പുറപ്പെട്ട് രാത്രി എട്ടോടെ നെടുങ്കണ്ടത്ത് എത്തും.

ഉടുമ്പൻചോലയിൽ നിന്നു നെടുങ്കണ്ടംതൂക്കുപാലംരാമക്കൽമേട്കമ്പം വഴി തേനിക്ക് സർവീസ് ആരംഭിക്കാനുള്ള പ്രാരംഭ നടപടികൾ പുരോഗമിക്കുകയാണ്. തേനി മെഡിക്കൽ കോളജിൽ ചികിത്സയ്ക്കായി യാത്ര ചെയ്യുന്നവർക്ക് ഏറെ പ്രയോജനകരമാകുന്ന സർവീസ് തുടങ്ങണമെന്നത് നാട്ടുകാരുടെ നാളുകളായുള്ള ആവശ്യമാണ്. അതേസമയം സംസ്ഥാനാന്തര സർവീസിലൂടെ തമിഴ്നാട് സർക്കാർ ലാഭം നേടുമ്പോഴും കെഎസ്ആർടിസി സർവീസ് ആരംഭിക്കാത്തതിനെതിരെ വ്യാപക പ്രതിഷേധം ഉയരുന്നുണ്ട്. ബോഡിമെട്ട് വഴി അഞ്ചും കമ്പംമെട്ട് വഴി ഏഴുമടക്കം ദിനംപ്രതി തമിഴ്നാട് സ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപറേഷന്റെ 12 സർവീസുകളാണ് നെടുങ്കണ്ടത്തേക്കുള്ളത്. എല്ലാം മികച്ച ലാഭത്തിൽ വർഷങ്ങളായി സർവീസ് നടത്തുമ്പോഴും കെഎസ്ആർടിസി സർവീസുകൾ ആരംഭിക്കാൻ തയാറായിട്ടില്ല.

തൊടുപുഴ കെഎസ്ആർടിസി ഡിപ്പോയിൽ നിന്ന് രണ്ട് വർഷത്തിനിടെ പുതിയ ഒരു സർവീസ് പോലും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഡിപ്പോയിൽ നേരത്തെ ഉണ്ടായിരുന്നതും എന്നാൽ ഇടക്കാലത്ത് കോവിഡിന്റെ പേരിലും അല്ലാതെയും നിർത്തലാക്കിയ ഒട്ടേറെ ദീർഘദൂര സർവീസുകളും ഗ്രാമീണ മേഖലയിലേക്കുള്ള ഓർഡിനറി സർവീസുകളും പുനരാരംഭിക്കാൻ സാധിച്ചിട്ടില്ല. ഡിപ്പോയിലേക്ക് ബസ് ലഭിച്ചാൽ പുതിയ സർവീസുകൾ ആരംഭിക്കാൻ സാധിക്കുമെന്ന് ഡിപ്പോ അധികൃതർ പറയുന്നുണ്ടെങ്കിലും ഇതിനു വേണ്ട നടപടി മാത്രം അധികൃതരുടെ ഭാഗത്തു നിന്ന് ഉണ്ടാകുന്നില്ല.

ജില്ലയിലെ പ്രധാന ഡിപ്പോയായ ഇവിടെ പുതിയ ബഹുനില മന്ദിരം പണിത് ഉദ്ഘാടനം കഴിഞ്ഞിട്ട് രണ്ട് വർഷം ആയിട്ടും ഡിപ്പോയുടെ അത്യാവശ്യ തുടർ പണികൾ പോലും പൂർത്തിയാക്കാൻ നടപടിയില്ല. പുതിയ ഡിപ്പോ ഉദ്ഘാടന വേളയിൽ അന്നത്തെ വകുപ്പ് മന്ത്രിയും സ്ഥലം എംഎൽഎയും ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ പുതിയ സർവീസുകളെക്കുറിച്ച് പറഞ്ഞ വാഗ്ദാനങ്ങൾ എല്ലാം ജലരേഖയായി. ഓണത്തോടനുബന്ധിച്ച് തൊടുപുഴ ഡിപ്പോയിലേക്ക് ഏതാനും ബസുകൾ അനുവദിക്കുമെന്ന് ജനപ്രതിനിധികളും മറ്റും പറഞ്ഞിരുന്നെങ്കിലും ഒന്നും ഉണ്ടായില്ല.

വാഗമൺ ന്മ നീണ്ട വർഷങ്ങളുടെ കാത്തിരിപ്പിനു ശേഷം കോട്ടമല ഗ്രാമത്തിലേക്കു വീണ്ടും ബസ് എത്തി. 'ജയ്മാത' എന്ന സ്വകാര്യ ബസാണ് കോട്ടമല വാഗമൺ റൂട്ടിലും, വാഗമണ്ണിൽ നിന്നു കട്ടപ്പന വഴി നെടുങ്കണ്ടത്തേക്കും സർവീസ് നടത്തുന്നത്. റോഡ് തകർന്നതിനെ തുടർന്നാണ് ഇതുവഴി സർവീസ് നടത്തിയിരുന്ന സ്വകാര്യ ബസ് സർവീസ് നിലച്ചത്. തുടർന്ന് വിദ്യാർഥികൾ ഉൾപ്പെടെയുള്ള യാത്രക്കാർ കാൽനടയായും ട്രിപ് ജീപ്പുകളിലും വാഗമണ്ണിൽ എത്തിയശേഷം ഇവിടെ നിന്നാണ് ബസ് യാത്ര നടത്തിയിരുന്നത്. കഴിഞ്ഞയിടെ റോഡിൽ കുറെ ഭാഗത്ത് നവീകരണം പൂർത്തിയായി.

ഇതിനു പിന്നാലെ നാട്ടുകാരുടെ യാത്രാദുരിതം പഞ്ചായത്ത് അംഗം ഷൈൻകുമാർ സ്വകാര്യ ബസ് ഉടമ ജോണിയുമായി സംസാരിച്ചു. നാളുകളായി വാഗമൺ ബസ് ടൈമിങ് വാട്സാപ് ഗ്രൂപ്പും യാത്രാക്ലേശം പരിഹരിക്കണം എന്ന ആവശ്യം ഉയർത്തി രംഗത്ത് എത്തിയിരുന്നു. തുടർന്ന് സർവീസിന്റെ കാര്യത്തിൽ തീരുമാനം ഉണ്ടാകുകയായിരുന്നു. രാവിലെ 7ന് കോട്ടമല മൂന്നാം ഡിവിഷനിൽ നിന്ന് ആരംഭിച്ച് കോട്ടമല രണ്ടാം ഡിവിഷൻ റേഷൻ കട വഴി പോസ്റ്റ് ഓഫിസ്കോട്ടമല ഒന്നാം ഡിവിഷൻഅഞ്ചാം നമ്പർ പാലം കൈചൂണ്ടിപാറക്കെട്ട് വഴി വാഗമണ്ണിൽ എത്തും. തിരികെ 7.30ന് വാഗമണ്ണിൽ നിന്നു ഇതേ റൂട്ടിലൂടെ കട്ടപ്പന നെടുങ്കണ്ടത്തിന് സർവീസ് നടത്തും. ബസിന് പഞ്ചായത്ത് അംഗത്തിന്റെ നേതൃത്വത്തിൽ പ്രദേശവാസികൾ സ്വീകരണം നൽകി.

# മുല്ലപ്പെരിയാർ ഡാം: കാഴ്ചയിൽ പ്രശ്നമില്ലെന്ന് മേൽനോട്ടസമിതി

**ന്യൂഡൽഹി:** മുല്ലപ്പെരിയാറിൽ സമഗ്ര സുരക്ഷാപരിശോധനയ്ക്കു കളമൊരുങ്ങുന്നതിനിടെ അണക്കെട്ടിനു കാഴ്ചയിൽ പ്രശ്നങ്ങളില്ലെന്നു മേൽനോട്ട സമിതിയുടെ റിപ്പോർട്ട്. കേന്ദ്ര ജലകമ്മിഷൻ ചീഫ് എൻജിനീയർ രാഗേഷ് കാശ്യപ് ചെയർമാനായുള്ള കമ്മിറ്റി ജൂൺ 13നാണ് മുല്ലപ്പെരിയാർ അണക്കെട്ടിൽ സന്ദർശനം നടത്തിയത്. കേരളത്തെ പ്രതിനിധീകരിച്ച് പ്രിൻസിപ്പൽ സെക്രട്ടറി അശോക് കുമാർ സിങ്ങും ഇന്റർ സ്റ്റേറ്റ് വാട്ടർ ചീഫ് എൻജിനീയർ ആർ.പ്രിയേഷും കമ്മിറ്റിയിലുണ്ട്.



കാവേരി സെൽ ചെയർമാൻ സുബ്രഹ്മണ്യം, അഡീഷനൽ ചീഫ് സെക്രട്ടറി സന്ദീപ് സക്സേന എന്നിവരായിരുന്നു തമിഴ്നാട് പ്രതിനിധികൾ. അണക്കെട്ടിനു സാരമായ പ്രശ്നങ്ങളുള്ളതായി ആരും സമിതിയുടെ ശ്രദ്ധയിൽപെടുത്തിയിട്ടില്ലെന്നു റിപ്പോർട്ടിൽ പറയുന്നു. പ്രധാന ഡാമും ബേബി ഡാം, സ്പിൽവേ എന്നിവയും പരിശോധിച്ചു. എന്നാൽ, പേരിനൊരു പരിശോധന നടത്തി സംസ്ഥാനത്തിന്റെ ആശങ്കകൾ പരിഗണിക്കാത്ത റിപ്പോർട്ടാണ് മേൽനോട്ട സമിതി വർഷങ്ങളായി നൽകുന്നതെന്നു കേരളം ആരോപിക്കുന്നു.

വർഷത്തിൽ ഒരു തവണയാണ് മേൽനോട്ടസമിതി അണക്കെട്ട് സന്ദർശിക്കുന്നത്. 3 മാസത്തിലൊരിക്കൽ അണക്കെട്ട് സന്ദർശിച്ച് ഉപസമിതി റിപ്പോർട്ട് നൽകും.12 മാസത്തിനകം മുല്ലപ്പെരിയാർ അണക്കെട്ടിൽ സമഗ്ര സുരക്ഷാപരിശോധന നടത്തണമെന്നു കേന്ദ്ര ജല കമ്മിഷന്റെ നിർദേശം നിലനിൽക്കെയാണ് മേൽനോട്ട സമിതിയുടെ ക്ലീൻ ചിറ്റ്. കേരളവും തമിഴ്നാടും പങ്കെടുത്ത മുല്ലപ്പെരിയാർ മേൽനോട്ടസമിതി യോഗത്തിലായിരുന്നു സുരക്ഷാപരിശോധനയ്ക്കുള്ള നിർദേശവും.

സുപ്രീം കോടതിയുടെ ഭരണഘടനാ ബെഞ്ച് നിയോഗിച്ച ഉന്നതാധികാരസമിതിയുടെ സുരക്ഷാ റിപ്പോർട്ട് വന്ന് 12 വർഷത്തിനു ശേഷമാണ് പരിശോധനയ്ക്കു വഴിയൊരുങ്ങുന്നത്.

അണക്കെട്ടിന്റെ ഘടനാപരമായ സുരക്ഷ, ഭൂകമ്പ പ്രതിരോധസുരക്ഷ, പ്രളയ സുരക്ഷ, നടത്തിപ്പിലെ സുരക്ഷ എന്നിവയാണ് പരിശോധനയിൽ വരിക. നടപടിക്രമമടക്കം മുൻകൂട്ടി അറിയിച്ചശേഷമാകണം പരിശോധനയെന്നു കേരളം ആവശ്യപ്പെടുന്നു.

# ആഗോള സഹകരണ കോൺഫൻസ് 2024 നവംബർ 25 മുതൽ ഡൽഹിയിൽ

**ന്യൂഡൽഹി:** ആഗോള സഹകരണ കോൺഫറൻസ് 2004 നവംബർ 25 മുതൽ നവംബർ 30 വരെ ഡൽഹി ഭാരത് മണ്ഡപത്തിൽ നടക്കും. കേന്ദ്ര ആഭ്യന്തര സഹകരണ മന്ത്രി അമിത് ഷാ ചടങ്ങിൽ വിശിഷ്ടാതിഥിയായിരിക്കും. ആഗോള സഹകരണ കോൺഫറൻസായ അന്താരാഷ്ട്ര സഹകരണ സഖ്യത്തിന്റെ (ഐസിഎ) 130 വർഷത്തെ ചരിത്രത്തിലാദ്യമായാണ് ഇന്ത്യ കോൺഫറൻസിന് ആതിഥേയത്വം വഹിക്കുന്നത്. 2025ലെ അന്താരാഷ്ട്ര സഹകരണ വർഷത്തോടനുബന്ധിച്ചുള്ള സ്റ്റാമ്പും ചടങ്ങിൽ പ്രകാശനം ചെയ്യും. ചടങ്ങ് ഉദ്ഘാടനം ചെയ്യാൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയോട് അഭ്യർത്ഥിച്ചിട്ടുണ്ടെന്ന് സംഘാടകർ അറിയിച്ചു.

നവംബർ 25 മുതൽ 30 വരെ ന്യൂഡൽഹിയിലെ പ്രഗതി മൈതാനത്തെ ഐടിപിഒയിലെ ഭാരത് മണ്ഡപത്തിൽ നടക്കുന്ന കോൺഫറൻസിന്റെ പ്രമേയം 'സഹകരണ സംഘങ്ങൾ എല്ലാവർക്കും സമൃദ്ധി സൃഷ്ടിക്കുന്നു' എന്നതാണെന്ന് ഐസിഎ ഡിജി ജെറോൺ ഡഗ്ലസ് പറഞ്ഞു. നയവും സംരംഭകത്വ സാഹചര്യങ്ങളും പ്രാപ്തമാക്കുക, എല്ലാവർക്കും സമൃദ്ധി സൃഷ്ടിക്കുന്നതിന് മികവുറ്റ നേതൃത്വത്തെ പരിപോഷിപ്പിക്കുക തുടങ്ങിയവയാണ് കോൺഫറൻസിന്റെ ലക്ഷ്യങ്ങളെന്ന് അദ്ദേഹം പറഞ്ഞു. കോൺഫറൻസിന് ആതിഥേയത്വം വഹിക്കുന്ന ഐഎഫ്എഫ്കോ ഐസിഎയുടെ പ്രധാന പങ്കാളിയാണെന്നും അദ്ദേഹം വ്യക്തമാക്കി.ഭൂട്ടാൻ പ്രധാനമന്ത്രി, യുഎൻ ഇക്കണോമിക് കൗൺസിൽ പ്രസിഡന്റ്, അന്തരാഷ്ട്ര സഹകരണ പ്രസിഡന്റ്, യുഎൻ പ്രതിനിധികൾ, ഐസിഎ അംഗങ്ങൾ , ഇന്ത്യൻ കോഓപ്പറേറ്റീവ് മൂവ്മെന്റിലെ പ്രമുഖർ തുടങ്ങി നൂറിലധികം രാജ്യങ്ങളെ പ്രതിനിധീകരിച്ച് 1500 വിശിഷ്ടാതിഥികൾ കോൺഫറൻസിൽ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നതായി അദ്ദേഹം അറിയിച്ചു.സഹകരണത്തിലൂടെ സമൃദ്ധി എന്നർത്ഥം വരുന്ന ഇന്ത്യാ ഗവണ്മെന്റിന്റെ 'സഹകാർ സേ സമൃദ്ധി' എന്ന മുദ്രാവാക്യത്തിന് അനുസൃതമായാണ് 'സഹകരണ സംഘങ്ങൾ എല്ലാവർക്കും സമൃദ്ധി സൃഷ്ടിക്കുക' എന്നതാണ് പരിപാടിയുടെ പ്രമേയമെന്ന് സഹകരണ മന്ത്രാലയം സെക്രട്ടറി ഡോ.ആശിഷ് കുമാർ ഭൂട്ടാനി അറിയിച്ചു. പ്രത്യേക സഹകരണ മന്ത്രാലയം രൂപീകരിക്കുകയും അമിത് ഷാ ആദ്യത്തെ കേന്ദ്ര സഹകരണ മന്ത്രിയായി ചുമതലയേൽക്കുകയും ചെയ്തതോടെ, സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കും വികസനത്തിനുമായി 54 സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് ഇന്ത്യൻ സഹകരണ മേഖല ദേശീയ ജിഡിപിയിൽ കൂടുതൽ സംഭാവന നേടി പുതിയ നാഴികക്കല്ലുകൾ കൈവരിച്ചതായും അദ്ദേഹം പറഞ്ഞു.കോൺഫറൻസിന്റെ ഭാഗമായി 2025ലെ യുഎൻ അന്താരാഷ്ട്ര സഹകരണ വർഷത്തിന്റെ ഔദ്യോഗിക തുടക്കം കൂടിയാണ് ഇന്ത്യയിൽ നടക്കുന്ന ആഗോള സഹകരണ സമ്മേളനം.

## ഗംഭീര ഓഫറുമായി സാംസങ്; ഗ്യാലക്സി എസ്24 അൾട്ര ഇനി 1,09,999 രൂപ മുതൽ

**കൊച്ചി:** ഗാലക്സി എസ്24 അൾട്രയ്ക്ക് വമ്പൻ ഓഫർ പ്രഖ്യാപിച്ച് ഇന്ത്യയിലെ ഏറ്റവും വലിയ ഉപഭോക്തൃ ഇലക്ട്രോണിക്സ് ബ്രാൻഡായ സാംസങ്. സെപ്റ്റംബർ 12ന് ആരംഭിച്ച ഓഫറിൽ, 129,999 രൂപ വിലയുള്ള ഈ ഫോൺ 1,09,999 രൂപയ്ക്ക് ലഭ്യമാകും. 12,000 രൂപയുടെ അപ്ഗ്രേഡ് ബോണസും 8,000 രൂപയുടെ ക്യാഷ്ബാക്കും ഉൾപ്പെട്ടതാണ് ഈ സ്പെഷ്യൽ ഓഫർ. അല്ലെങ്കിൽ 12,000 രൂപയുടെ ബാങ്ക് ക്യാഷ്ബാക്ക് സൗകര്യവും ഉപഭോക്താക്കൾക്ക് ലഭ്യമാവും. കൂടാതെ, 24 മാസത്തേക്ക് നോകോസ്റ്റ് ഇഎംഐ സൗകര്യവും ലഭ്യമാണ്. പരിമിതകാലത്തേക്കാണ് ഈ ഓഫറുകൾ. ഏറെക്കാലം നീണ്ടുനിൽക്കുന്ന പ്രൊഡക്ട് ലൈഫ് സൈക്കിളാണ് കമ്പനിയുടെ വാഗ്ദാനങ്ങളിലൊന്ന്. ഈ ഫോണിൽ ഏഴ് ജനറേഷനിലേക്കുള്ള ഓപ്പറേറ്റിങ് സിസ്റ്റം അപ്ഡേറ്റുകളും ഏഴ് വർഷത്തെ സുരക്ഷാ അപ്ഡേറ്റുകളും വാഗ്ദാനം ചെയ്യുന്നു. സാംസങ് നോക്സ് പോലുള്ള സവിശേഷതകൾ വഴി നിർണായക വിവരങ്ങൾ സുരക്ഷിതമായി സൂക്ഷിക്കാനും, എൻഡ്ടു എൻഡ് ഹാർഡ്വെയർ എൻക്രിപ്ഷൻ വഴി ഉപകരണത്തിന് കൂടുതൽ സുരക്ഷയും ലഭിക്കുന്നു. ഗാലക്സി എസ്24 അൾട്ര ഇപ്പോൾ എല്ലാ ഓൺലൈൻ സ്റ്റോറുകളിലും ഷോപ്പുകളിലും ലഭ്യമാണ്.

## ക്യാമ്പയിനുമായി കാലിഫോർണിയ ആൽമണ്ട്സ്

**തിരുവനന്തപുരം:** ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ന്യൂട്രീഷന്റെ ഇന്ത്യക്കാർക്കുള്ള ഭക്ഷണ മാർഗനിർദേശങ്ങൾ അനുസരിച്ച് നല്ല ആരോഗ്യത്തിന് ബദാം പോലുള്ള നട്ട്സ് ദിവസവും കഴിക്കണമെന്ന് പ്രമുഖ ന്യൂട്രീഷൻ ആൻഡ് വെൽനസ് കൺസൾട്ടന്റ് ഷീല കൃഷ്ണസ്വാമി. വിറ്റാമിൻ ഇ, കാത്സ്യം, മഗ്നീഷ്യം, പൊട്ടാസ്യം, സിങ്ക്, ഫോളേറ്റ്, റൈബോഫ്ളേവിൻ, ഫോസ്ഫറസ് എന്നിവ ബദാമിൽ അടങ്ങിയിട്ടുണ്ട്. ഓണാഘോഷത്തിൽ ബദാം ഉൾപ്പെടുത്തുന്നത് ആഘോഷങ്ങൾക്ക് ആരോഗ്യപരമായ ഗുണങ്ങൾ നൽകുകയും രുചി കൂട്ടുകയും ചെയ്യുമെന്നും അവർ പറഞ്ഞു. ആഘോഷവും സദ്യയും ആരോഗ്യകരാമവണെന്ന ആഹാനവുമായി സന്തോഷത്തിന്റെയും



ഐക്യത്തിന്റെയും ആഘോഷത്തിന്റെയും സമയമാണ് ഓണം. പരമ്പരാഗതമായി നോക്കുകയാണെങ്കിൽ ബദാം ഓണസദ്യയുടെ ഭാഗമല്ലെങ്കിലും, അവയുടെ പോഷകഗുണങ്ങൾ ഉത്സവത്തിന്റെ വിലയേറിയ കൂട്ടിച്ചേർക്കലാക്കി അതിനെ മാറ്റുന്നുണ്ടെന്ന് അവർ പറഞ്ഞു. പാൽ പായസം, പരിപ്പ് പ്രഥമൻ തുടങ്ങിയ വിഭവങ്ങളിൽ ബദാം ചേർക്കാം, കൂട്ടുകറി പോലുള്ള വിഭവങ്ങൾക്ക് അലങ്കാരമായും ഉപയോഗിക്കാം.

## കല്യാണി പ്രിയദർശൻ ഹിമാലയ കാജൽ ബ്രാൻഡ് അംബാസിഡർ




**കൊച്ചി:** ഹിമാലയ കാജലിന്റെ പുതിയ ബ്രാൻഡ് അംബാസിഡറായി കല്യാണി പ്രിയദർശൻ.
മലയാളികളുടെ സാംസ്കാരികപാരമ്പര്യത്തിൽ കണ്മഷിക്കുള്ള പ്രാധാന്യം തിരിച്ചറിഞ്ഞ്, മലയാളി താരത്തെ ബ്രാൻഡ് അംബാസഡറാക്കി ഓണക്കാല വിപണി കീഴടക്കുന്നതിനാണ് ഹിമാലയയുടെ ശ്രമം. ഇതിന്റെ ഭാഗമായി, ഹിമാലയ പുറത്തിറക്കുന്ന കണ്മഷിയുടെ പുതിയ പരസ്യചിത്രത്തിൽ കല്യാണി ഭാഗമാകുന്നു. ഉത്സവകാലത്ത് എല്ലാവർക്കും പുഞ്ചിരിക്കുന്ന കണ്ണുകൾ നൽകാനാണ് ഹിമാലയ ആഗ്രഹിക്കുന്നതെന്ന് ഹിമാലയ വെൽനസിന്റെ ബ്യൂട്ടി ആൻഡ് പേഴ്സണൽ കെയർ വിഭാഗത്തിന്റെ മാർക്കറ്റിംഗ് ഡയറക്ടർ രാഗിണി ഹരിഹരൻ പറഞ്ഞു. ഈ ഓണക്കാലത്ത് പ്രകൃതിദത്തമായ രീതിയിൽ കണ്ണെഴുതാൻ ഹിമാലയ കാജൽ കൊണ്ട് സാധിക്കുമെന്ന് കല്യാണി പ്രിയദർശനും കൂട്ടിച്ചേർത്തു.

## എക്സ്ക്ലൂസീവ് ഐവെയർ ശേഖരവുമായി വോഗ്

**കൊച്ചി:** വോഗ് ഐവെയർ തങ്ങളുടെ ഏറ്റവും പുതിയ ശേഖരം പുറത്തിറക്കി. എല്ലാ പ്രമുഖ ഒപ്റ്റിക്കൽ സ്റ്റോറുകളിലും ഓൺലൈൻ പ്ലാറ്റ്ഫോമുകളിലും ലഭ്യമായ ഈ പുതിയ ശേഖരത്തിന്റെ വില രൂപ 3990 മുതൽ തുടങ്ങും.
തനതായതും പുതുമയുള്ളതുമായ ടർക്കോയ്സ് നിറത്തിൽ 3 സൺഗ്ലാസുകളും 2 ഒപ്റ്റിക്കൽ ഫ്രെയിമുകളും ഉൾപ്പടെ 5 ഗ്ലാമറസ് മോഡലുകൾ പുതിയ ശേഖരത്തിൽ ഉൾപ്പെടുന്നു. എല്ലാ മാനസികാവസ്ഥയ്ക്കും അവസരത്തിനും പറ്റുന്ന ഓവർസൈസ്ഡ് ബട്ടർഫ്ളൈ, സിൻവസ് ക്യാറ്റ് ഐ, റെട്രോ ഇറെഗുലർ എന്നിങ്ങനെയുള്ള വിവിധ രൂപങ്ങൾ ഈ ശ്രേണിയിൽ ഉൾപ്പെടുന്നു. കോൺട്രാസ്റ്റിംഗ് മെറ്റൽ നോസ് ബ്രിഡ്ജ്, എക്സ്ക്ലൂസീവ് ഡെബോസ്ഡ് പാറ്റേൺ എന്നിവ പോലുള്ള അലങ്കാര ഘടകങ്ങൾ ഉൾപ്പെടുത്തി ഓരോ കണ്ണടയും വിശദമായി സൂക്ഷ്മമായ ശ്രദ്ധയോടെയാണ് നിർമ്മിച്ചിരിക്കുന്നതെന്ന് ലക്ഷ്വറി, പ്രീമിയം ആന്റ് ഫാസ്റ്റ് ഫാഷൻ ബ്രാൻഡ് ഗ്രൂപ്പ് ഹെഡ് ഗുഞ്ജൻ സൈഗാൾ പറഞ്ഞു.വോഗ് ഐവെയറുമായി എന്റെ സ്വന്തംഎക്സ്ക്ലൂസീവ് കൊളാബ് ശേഖരം പങ്കിടുന്നതിൽ ഞാൻ വളരെ ആവേശത്തിലാണെന്ന് തപ്സി പന്നു പറഞ്ഞു.

## മേപ്പിൾ ഹേസൽ മെനു അവതരിപ്പിച്ച് കോസ്റ്റ കോഫി

**കൊച്ചി:** ഇന്ത്യയിൽ പുതിയ മേപ്പിൾ ഹേസൽ മെനു അവതരിപ്പിച്ച് കൊക്കക്കോളയുടെ കോഫി ബ്രാൻഡായ കോസ്റ്റ കോഫി. ശരത്കാലത്തെ വരവേൽക്കുന്നതിനായി മേപ്പിൾ ഹേസൽ ലാറ്റെ, ഐസ്ഡ് ലാറ്റെ, ഫ്രാപ്പെ എന്നീ മൂന്ന് വ്യത്യസ്ത ഫ്ളേവറുകളാണ് അവതരിപ്പിച്ചിരിക്കുന്നത്.

തണുത്തുറഞ്ഞ ദിവസങ്ങളിൽ ചൂടാക്കാനായി സവിശേഷമായ രുചികളോടെ രൂപകൽപ്പന ചെയ്തിരിക്കുന്നു. സമ്പന്നമായ ഹാസൽനട്ടിന്റെയും മധുരമുള്ള മേപ്പിൾ സിറപ്പിന്റെയും സംയോജനമാണ് മേപ്പിൾ ഹേസൽ ലാറ്റെയെ വ്യതിരിക്തമാക്കുന്നതെന്ന് കോസ്റ്റ കോഫി ഇന്ത്യ ആൻഡ് എമേർജിങ് മാർക്കറ്റ്സ് ജനറൽ മാനേജർ വിനയ് നായർ പറഞ്ഞു. ഇതേ രുചി, തണുപ്പിച്ചും ഉന്മേഷദായകമായ ഒരു ട്വിസ്റ്റോടെ മേപ്പിൾ ഹേസൽ ഐസ്ഡ് ലാറ്റെയിൽ ലഭ്യമാണ്.

ഒരു ഫ്രോസ്റ്റി ട്രീറ്റ് ആഗ്രഹിക്കുന്നവർക്ക് മേപ്പിൾ ഹേസൽ ഫ്രാപ്പെ ഒരു നല്ല ഓപ്ഷനാണ്. സീസണൽ ഫ്ളേവറുകളാൽ സമ്പന്നമാണ് ഈ ക്രീമി ചില്ല്ഡ് ഡ്രിങ്ക്. ഇന്ത്യയിൽ വളർന്നുവരുന്ന കാപ്പി സംസ്കാരത്തിന്റെയും സീസണൽ രുചികളോടുള്ള വർദ്ധിച്ചുവരുന്ന ജനപ്രീതിയുടെയും തെളിവാണ് ഈ പുതിയ മെനു. പഴ്സണലൈസ്ഡും വൈവിധ്യപൂർണ്ണവുമായ കോഫി എന്ന ആശയത്തിലേക്കുള്ള ആഗോള മാറ്റത്തെ പ്രതിഫലിപ്പിക്കുന്നതാണ് ഈ ലോഞ്ചെന്നും അദ്ദേഹം പറഞ്ഞു.https://www.costacoffee.in/ എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായും ഓർഡർ ചെയ്യാവുന്നതാണ്.

# എൻപിഎസ് വാത്സല്യ പദ്ധതി ഇന്ന് ഉദ്ഘാടനം ചെയ്യും

**ന്യൂ ഡൽഹി:** എൻ പി എസ് വാത്സല്യ പദ്ധതി കേന്ദ്ര ധനകാര്യ മന്ത്രി ശ്രീമതി നിർമല സീതാരാമൻ സെപ്റ്റംബർ 18 ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. എൻപിഎസ് വാത്സല്യയിൽ അംഗമാകുന്നതിനുള്ള ഓൺലൈൻ പ്ലാറ്റ്ഫോം ഉദ്ഘാടനം, പദ്ധതിയുടെ ബ്രോഷർ പ്രകാശനം, പുതിയ പ്രായപൂർത്തിയാകാത്ത വരിക്കാർക്ക് പെർമനന്റ് റിട്ടയർമെന്റ് അക്കൗണ്ട് നമ്പർ കാർഡുകൾ വിതരണം ചെയ്യൽ എന്നിവ കേന്ദ്ര ധനമന്ത്രി നിർവഹിക്കും.

പദ്ധതി ഉദ്ഘാടനത്തിന്റെ ഭാഗമായി രാജ്യത്തുടനീളം 75 ഓളം സ്ഥലങ്ങളിൽ ഒരേസമയം പരിപാടികൾ സംഘടിപ്പിക്കും. ഇവിടങ്ങളിൽ നിന്നും വീഡിയോ കോൺഫറൻസിലൂടെ ഉദ്ഘാടന പരിപാടിയിൽ പങ്കെടുക്കുകയും ആ സ്ഥലത്തെ പുതിയ പ്രായപൂർത്തിയാകാത്ത വരിക്കാർക്ക് അംഗത്വം വിതരണം നടത്തുകയും ചെയ്യും.

പെൻഷൻ അക്കൗണ്ടിൽ തുക നിക്ഷേപിച്ച് കുട്ടികളുടെ ഭാവിക്കായി സാമ്പത്തിക കരുതൽ ഉറപ്പാക്കാനും അതിന്റെ പലിശയിലൂടെ ദീർഘകാല സമ്പത്ത് ഉറപ്പാക്കാനും എൻപിഎസ് വാത്സല്യ, മാതാപിതാക്കളെ അനുവദിക്കും. എൻപിഎസ് വാത്സല്യ, സൗകര്യപ്രദമായ നിക്ഷേപ രീതികൾ വാഗ്ദാനം ചെയ്യുന്നു. ഇത് കുട്ടിയുടെ പേരിൽ പ്രതിവർഷം 1,000 രൂപ നിക്ഷേപിക്കാൻ മാതാപിതാക്കൾക്ക് അവസരം നൽകുന്നു. അങ്ങനെ എല്ലാ സാമ്പത്തിക പശ്ചാത്തലങ്ങളിൽ നിന്നുമുള്ള കുടുംബങ്ങൾക്കും പദ്ധതി പ്രയോജനപ്പെടുത്താൻ കഴിയും.കുട്ടികളുടെ സാമ്പത്തിക ഭാവി സുരക്ഷിതമാക്കുന്നതിന് നേരത്തെ തന്നെ നിക്ഷേപം ആരംഭിക്കാൻ കഴിയുന്ന വിധത്തിൽ, ഇന്ത്യയുടെ പെൻഷൻ സമ്പ്രദായത്തിലെ ഒരു സുപ്രധാന ചുവടുവെപ്പ് അടയാളപ്പെടുത്തുന്നതാണ് ഈ പുതിയ സംരംഭം. പെൻഷൻ ഫണ്ട് റെഗുലേറ്ററി ആൻഡ് ഡെവലപ്മെന്റ് അതോറിറ്റിയുടെ (പിഎഫ്ആർഡിഎ) കീഴിലായിരിക്കും പദ്ധതി നടപ്പിലാക്കുക.

## ഇന്ത്യൻ മിഡ്മാർക്കറ്റ് ബിസിനസുകൾ എഐ അഡോപ്ഷനിൽ മുന്നിലെന്ന് പഠനം

**കൊച്ചി** :96% ഇന്ത്യൻ മിഡ്മാർക്കറ്റ് ബിസിനസുകളും ജനറേറ്റീവ് ആർട്ടിഫിഷ്യൽ ഇന്റലിജൻസിന് മുൻഗണന നൽകുന്നുവെന്ന് സമീപകാല എസ് എപി പഠനം വെളിപ്പെടുത്തുന്നു.ഇത് ആഗോള ശരാശരിയായ 91% മറികടക്കുന്നു. ഇന്ത്യയിലെ 800 ബിസിനസ്സുകൾ ഉൾപ്പെടെ 12,003 ബിസിനസുകളിൽ നടത്തിയ സർവേ കാണിക്കുന്നത്, ഇന്ത്യൻ കമ്പനികൾ തങ്ങളുടെ പ്രവർത്തനങ്ങളെ രൂപാന്തരപ്പെടുത്തുന്നതിനും തീരുമാനങ്ങൾ എടുക്കുന്നതിനും ഉപഭോക്തൃ അനുഭവം മെച്ചപ്പെടുത്തുന്നതിനും എഐ യെ സ്വീകരിക്കുന്നു എന്നാണ്. എസ് എപി എക്സിക്യൂട്ടീവുമാരായ മനീഷ് പ്രസാദും രാജീവ് സിംഗും പിജിപി ഗ്ലാസ്, സുസ്ലോൺ എനർജി തുടങ്ങിയ ഉദാഹരണങ്ങൾ ഉദ്ധരിച്ച് ഇന്ത്യൻ ബിസിനസുകൾക്കായി എഐ യുടെ പരിവർത്തന സാധ്യതകൾ എടുത്തുകാട്ടി. ഇന്ത്യൻ മിഡ്മാർക്കറ്റ് ബിസിനസുകൾ ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥയിൽ അഭിവൃദ്ധി പ്രാപിക്കാൻ ഒരുങ്ങുകയാണ്, ചടുലതയ്ക്കും പ്രവർത്തനക്ഷമമായസ്ഥിതിവിവരക്കണക്കുകൾക്കും എഐ യെ പ്രയോജനപ്പെടുത്തുന്നു എന്നാണ് പഠനം സൂചിപ്പിക്കുന്നത്

## പെപ്പർ അവാർഡിനുള്ള എൻട്രികൾ ക്ഷണിച്ചു

**കൊച്ചി:** അഡ്വറ്റൈസിംഗ് രംഗത്ത് പെപ്പർ ക്രിയേറ്റിവ് അവാർഡ്സ് ട്രസ്റ്റ് നൽകി വരുന്ന പെപ്പർ അവാർഡ് 2024നുള്ള എൻട്രികൾ ക്ഷണിച്ചു. www.pepperawards.com എന്ന വെബ്സൈറ്റിലൂടെ 2024സെപ്റ്റംബർ 30 വൈകീട്ട് 5ന് മുമ്പ് എൻട്രികൾ സമർപ്പിക്കേണ്ടതാണ്.ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നുള്ള ക്രിയേറ്റിവ് ഏജൻസികൾ, മീഡിയാ ഏജൻസികൾ, ഡിജിറ്റൽഏജൻസികൾ, ഈവന്റ് കമ്പനികൾ പിആർ ഏജൻസികൾ, മീഡിയ സ്ഥാപനങ്ങൾ, പ്രൊഡക്ഷൻ ഹൗസുക എന്നിവയ്ക്ക് എൻട്രികൾ സമർപ്പിക്കാം. എൻട്രികൾ 2023 ഏപ്രിൽ 1നും 2024 മാർച്ച് 31നും ഇടയ്ക്ക് ആദ്യമായിപ്രസിദ്ധീകരിക്കുകയോ പ്രദർശിപ്പിക്കുകയോ ചെയ്തതായിരിക്കണം.ഈ വർഷവും രാജ്യത്തെ മറ്റ് പ്രമുഖ അവാർഡുകൾക്ക് സമാനമായി നിരവധി പുതിയ വിഭാഗങ്ങളും ഉപവിഭാഗങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് പെപ്പർ അവാർഡ്സ് 2024 ചെയർമാൻ പി.കെ. നടേഷ് അറിയിച്ചു.

കേരളത്തിലെ പരസ്യ ഏജൻസികൾക്കായി ജ്വല്ലറി, റിയൽ എസ്റ്റേറ്റ്, ടെക്സ്റ്റൈൽ, ഹോസ്പിറ്റാലിറ്റി, ആയുർവേദ,മീഡിയ, ബാങ്കിങ്/ എൻബിഎഫ്സി, റീട്ടെയ്ൽ, ഹെൽത്ത്കെയർ, സിനിമ എന്നീമേഖലകളിലെ പരസ്യങ്ങൾക്ക് പ്രത്യേക അവാർഡും നൽകുന്നതാണെന്ന് പെപ്പർ ക്രിയേറ്റിവ് അവാർഡ്സ് ട്രസ്റ്റ്ചെയർമാൻ കെ. വേണുഗോപാൽ പറഞ്ഞു. കാൻ അന്താരാഷ്ട്ര ചലച്ചിത്രമേള, വൺ ഷോ, ആഡ്ഫെസ്റ്റ്, ഗോവരാജ്യാന്തര ചലച്ചിത്രമേള തുടങ്ങി നിരവധി ദേശീയ, അന്തർദേശീയ അവാർഡ് ജ്യൂറികളിൽ അംഗമായിട്ടുള്ളവർഅടങ്ങുന്ന മികച്ച ജ്യൂറിയാണ് അവാർഡ്ജേതാക്കളെ തെരഞ്ഞെടുക്കുക കൊച്ചി മറൈൻ ഡ്രൈവിലുള്ള താജ് വിവാന്തയിൽ വച്ച് 2024 ഡിസംബർ ആദ്യവാരമാണ് അവാർഡുദാന ചടങ്ങ്നടക്കുക.വിശദ വിവരങ്ങൾക്ക് ബന്ധപ്പെടുക 75599 50909; 98460 50589

# പങ്കാളിത്ത ഇ വി ചാർജിംഗ് സ്റ്റേഷൻ; പുതിയ ശൃംഖല അവതരിപ്പിച്ച് ക്ലൈമറ്റ് പ്ലെഡ്ജ്




**കൊച്ചി:** ബെംഗളൂരുവിൽ ഇലക്ട്രിക്ക് വാഹന (ഇവി) ചാർജിങ് സ്റ്റേഷനുകളുടെ ശൃംഖല നിർമിക്കുന്നതിനായി സഹകരിക്കുന്ന വ്യവസായ പങ്കാളികൾ ചേർന്ന് കാലാവസ്ഥ പ്രതിജ്ഞയിൽ (ക്ലൈമറ്റ് പ്ലെഡ്ജ്) പുതിയ സംയുക്ത പദ്ധതി ജൂൾ (ജോയിൻറ് യൂണിഫൈയിങ് ലാസ്റ്റ് മൈൽ ഇലക്ട്രിഫിക്കേഷൻഅവസാന മൈൽ വൈദ്യുതീകരണം ഏകീകരിക്കുന്ന സംയുക്ത പ്രവർത്തനം) പ്രഖ്യാപിച്ചു. 2019ൽ ആമസോണും ഗ്ലോബൽ ഒപ്റ്റിമിസവും ചേർന്ന് 2040ഓടെ കാർബൺ പുറംതള്ളൽ പൂജ്യത്തിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ സ്ഥാപിച്ചതാണ് കാലാവസ്ഥ പ്രതിജ്ഞ. പ്രതിജ്ഞയിൽ ഒപ്പിട്ടവരും പങ്കാളികളും ചേർന്ന് 2030ഓടെ 2.65 മില്യൻ യുഎസ് ഡോളറിലധികം നിക്ഷേപിക്കും. ആമസോൺ, മഹീന്ദ്ര ലോജിസ്റ്റിക്സ്, ഊബർ, എച്ച് സിഎൽടെക്, മജെന്ത മോബിലിറ്റി എന്നിവർ ചേർന്ന് ഇവി ചാർജിങ് സ്റ്റേഷനുകൾ പരമാവധി ഉപയോഗപ്പെടുത്തുന്നതിന് ഒരുമിച്ച് പ്രവർത്തിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ നന്നായി വിനിയോഗിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് അവരുടെ ഇവി ശ്രേണികളുടെ ചാർജിങ് ആവശ്യതകൾ സംയോജിപ്പിക്കുകയും ചെയ്യും. ഇന്ത്യ ആസ്ഥാനമായുള്ള ഇവി ചാർജിങ് പ്ലാറ്റ്ഫോമും വ്യവസായ പങ്കാളിയുമായ കസം ചാർജിങ് സ്റ്റേഷനുകളുടെ ശൃംഖല നിർമ്മിക്കും. പുനരുപയോഗ ഊർജ ദാതാക്കളായ ഗ്രീൻകോയും സ്ട്രാറ്റജിക് കൺസൾട്ടിംഗ് പങ്കാളിയായ ഡെലോയിറ്റും പദ്ധതിയെ പിന്തുണയ്ക്കുമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.




# കൈഗർ, ട്രൈബർ, ക്വിഡ് നൈറ്റ് ആന്റ് ഡേ ലിമിറ്റഡ് എഡിഷനുകൾ അവതരിപ്പിച്ചു

**ന്യൂഡൽഹി:** റെനോ ഇന്ത്യ തങ്ങളുടെ ജനപ്രിയ മോഡലുകളായ കൈഗർ, ട്രൈബർ, ക്വിഡ് എന്നിവയുടെ നൈറ്റ് ആന്റ് ഡേ ലിമിറ്റഡ് എഡിഷനുകൾ അവതരിപ്പിച്ചു. നൈറ്റ് ആൻഡ് ഡേ ലിമിറ്റഡ് എഡിഷൻ മൂന്ന് മോഡലുകളിലുടനീളം ബ്ലാക്ക് റൂഫ് ഡ്യുവൽ ടോൺ ബോഡി കളറുള്ള ഒരു എക്സ്ക്ലൂസീവ് പേൾ വൈറ്റ് അവതരിപ്പിക്കുന്നു.ക്വിഡിലെ ട്രൈബർ,കൈഗർ, ഞതഘ(ഝ) വേരിയന്റുകളുടെ ഞതഘ വേരിയന്റിനെ അടിസ്ഥാനമാക്കി ഉപഭോക്താക്കൾക്ക് മികച്ച മൂല്യം വാഗ്ദാനം ചെയ്യുന്നതായി റെനോ ഇന്ത്യ കൺട്രി സിഇഒയും മാനേജിംഗ് ഡയറക്ടറുമായ വെങ്കട്ടറാം മാമില്ലപ്പള്ളി പറഞ്ഞു. സെഗ്മെന്റിൽ ആദ്യ പേൾ വൈറ്റ് ഡ്യുവൽ ടോൺ ബാഹ്യ ബോഡി തീം താഴ്ന്ന വേരിയന്റുകളിൽ സ്റ്റൈലിഷ് ഡിസൈൻ പിയാനോ ബ്ലാക്ക് വീൽ കവറുകൾ, പിയാനോ ബ്ലാക്ക് ഗ്രിൽ ഇൻസെർട്ടുകൾ, പിയാനോ ബ്ലാക്ക് മോഡൽ നെയിംപ്ലേറ്റ്, കൈഗറിലും ട്രൈബറിലുമുള്ള പിയാനോ ബ്ലാക്ക്, കിഗറിലെ പിയാനോ ബ്ലാക്ക് ടെയിൽഗേറ്റ് ഗാർണിഷ് എന്നിവ ബാഹ്യ മെച്ചപ്പെടുത്തലുകളിൽ ഉൾപ്പെടുന്നു.കൈഗർ ആന്റ് ട്രൈബർ നൈറ്റ് ആന്റ് ഡേ ലിമിറ്റഡ് എഡിഷനിൽ വയർലെസ് സ്മാർട്ട്ഫോൺ റെപ്ലിക്കേഷനും റിയർ വ്യൂ ക്യാമറയും ഉള്ള 9 ഇഞ്ച് ടച്ച്സ്ക്രീൻ ഉൾപ്പെടെ ആധുനിക ഫീച്ചറുകൾ.നൈറ്റ് ആൻഡ് ഡേ ലിമിറ്റഡ് എഡിഷന്റെ ബുക്കിംഗും റീട്ടെയിലുകളും സെപ്റ്റംബർ മുതൽ റെനോ അംഗീകൃത ഡീലർഷിപ്പുകളിൽ ആരംഭിക്കും. ലിമിറ്റഡ് എഡിഷനിൽ എല്ലാ മോഡലുകൾക്കും കൂടി 1,600 യൂണിറ്റുകൾ ലഭ്യമാകും.

## എയർടെൽ ഹോം വൈഫൈ സേവനം കേരളത്തിലെ 14 ജില്ലകളിലും വ്യാപിപ്പിക്കുന്നു

**കോഴിക്കോട് :** ഇന്ത്യയിലെ മുൻനിര ടെലികമ്മ്യൂണിക്കേഷൻ സേവന ദാതാക്കളിൽ ഒന്നായ ഭാരതി എയർടെൽ കേരളത്തിലെ 14 ജില്ലകളിലും തങ്ങളുടെ ഹോം വൈഫൈ സേവനം വിപുലീകരിച്ചതായി പ്രഖ്യാപിച്ചു. ഈ വിപുലീകരണം സംസ്ഥാനത്ത് 5.7 ദശലക്ഷം പുതിയ കുടുംബങ്ങളെ കൂടി ഉൾക്കൊള്ളാൻ സഹായിക്കുമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.എയർടെൽ വൈഫൈ ഉപയോഗിച്ച്, ഒരു ഉപഭോക്താവിന് അതിവേഗ വിശ്വസനീയമായ വയർലെസ് ഇന്റർനെറ്റ് സേവനം മാത്രമല്ല, അൺലിമിറ്റഡ് സ്ട്രീമിംഗ്, സേവനങ്ങൾ, 350ലധികം ടിവി ചാനലുകൾ ഉൾപ്പെടെയുള്ള മറ്റ് നിരവധി ആനുകൂല്യങ്ങളും ലഭിക്കുന്നു. എയർടെൽ താങ്ക്സ് ആപ്പ് ഉപയോഗിച്ചോ 8130181301 എന്ന നമ്പറിൽ വിളിച്ചോ ഉപഭോക്താക്കൾക്ക് എയർടെൽ വൈഫൈ ബുക്ക് ചെയ്യാം.കേരളത്തിന്റെ എല്ലാ മുക്കിലും മൂലയിലും എയർടെൽ വൈഫൈ എത്തിയെന്ന് അറിയിക്കുന്നതിൽ സന്തോഷമുണ്ടെന്ന് കേരള സി ഒ ഒ അമിത് ഗുപ്ത പറഞ്ഞു. എയർടെൽ വൈഫൈ ഉപയോഗിച്ച്, ഉപഭോക്താക്കൾക്ക് 350 ടെലിവിഷൻ ചാനലുകളിലേക്കും വിശ്വസനീയമായ ഹൈസ്പീഡ് വയർലെസ് വൈഫൈ സേവനത്തിലേക്കും ആക്സസ് ഉൾപ്പെടെ ഒരു മാസം 599 രൂപയ്ക്ക് വിവിധ വിനോദ ഓപ്ഷനുകൾ അൺലോക്ക് ചെയ്യാൻ കഴിയും. കേരളത്തിലെ ഉപഭോക്താക്കൾക്ക് മുൻനിര ചാനലുകളുൾപ്പെടെയുള്ള പരിധിയില്ലാതെ ആസ്വദിക്കാവുന്നതാണ്.

# പിരാമൽ ഫിനാൻസ് ഡിജിറ്റൽ ഇന്ത്യ സിഎസ്‌സി സഹകരണം

**കൊച്ചി:** പിരമൽ എൻറർപ്രൈസസിന്റെ ഉടമസ്ഥതയിലുള്ള ഉപസ്ഥാപനമായ പിരമൽ ക്യാപിറ്റൽ ആൻഡ് ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ് രാജ്യത്തിൻറെ വായ്പാ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഡിജിറ്റൽ ഇന്ത്യയുടെ കോമൺ സർവീസ് സെൻററുകളുമായി (സിഎസ്‌സി) സഹകരിക്കുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും വായ്പ ലഭ്യമാക്കുകയാണ് ഇതുവഴി ലക്ഷ്യമിടുന്നത്.ഈ സഹകരണത്തിലൂടെ 100 കോടിയിലധികം രൂപ ഭവന നിർമാണത്തിനും ബിസിനസ് ആവശ്യങ്ങൾക്കുമായി ഇക്കഴിഞ്ഞ ഓഗസ്റ്റിൽ ചെറുകിട ഇടത്തരം നഗരങ്ങളിൽ സിഎസ്‌സിയുടെ 6 ലക്ഷത്തിലധികം കേന്ദ്രങ്ങളിലൂടെ വിതരണം ചെയ്തു. വായ്പാ വിതരണത്തിലൂടെ ഉപഭോക്താക്കളെ സേവിക്കുന്നതിനുള്ള സാമൂഹിക പ്രതിബദ്ധതയാണ് ഈ നാഴികക്കല്ല് സൂചിപ്പിക്കുന്നതെന്ന് പിരാമൽ ക്യാപിറ്റൽ ആൻഡ് ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ് എംഡി ജയറാം ശ്രീധരൻ പറഞ്ഞു. കേന്ദ്രസർക്കാരിൻറെ ഡിജിറ്റൽ ഇന്ത്യ സംരംഭത്തിന് കീഴിൽ പ്രാദേശിക സംരംഭകർ നിയന്ത്രിക്കുന്ന ഡിജിറ്റൽ സേവന കേന്ദ്രങ്ങളാണ് കോമൺ സർവീസ് സെൻററുകൾ




എന്ന് സിഎസ്‌സി എസ്‌പിവി എംഡിയും സിഇഒയുമായ സഞ്ജയ് രാകേഷ് പറഞ്ഞു. പിരാമൽ ഫിനാൻസുമായുള്ള പങ്കാളിത്തം വഴി സാമ്പത്തിക ഉൾപ്പെടുത്തൽ, പിന്നോക്ക പ്രദേശങ്ങളിൽ സേവന ലഭ്യത വർധിപ്പിക്കുക എന്ന ഞങ്ങളുടെ ലക്ഷ്യം സാക്ഷാത്ക്കരിക്കാൻ കഴിയുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. ടയർ 2, ടയർ 3 നഗരങ്ങളിലെ വ്യക്തികൾക്കും എംഎസ്എംഇകൾക്കും അവരുടെ അടുത്തുള്ള സിഎസ്‌സിയിൽ അടിസ്ഥാന ഡോക്യുമെൻറേഷനുമായി എളുപ്പത്തിൽ ലോണിനായി അപേക്ഷിക്കാം. ഇത് വായ്പാ വിതരണത്തെ കൂടുതൽ എളുപ്പമുള്ളതാക്കും.

# ട്രക്ക് ഡ്രൈവർമാരുടെ പെൺമക്കൾക്ക് സ്കോളർഷിപ്പുമായി മഹീന്ദ്ര

**കൊച്ചി:** ഡ്രൈവേഴ്സ് ദിനത്തിന്റെ ഭാഗമായി മഹീന്ദ്ര ഗ്രൂപ്പിന്റെ മഹീന്ദ്ര ട്രക്ക് ആൻഡ് ബസ് ഡിവിഷൻ (എംടിബിഡി) മഹീന്ദ്ര സാരഥി അഭിയാൻ മുഖേന ട്രക്ക് ഡ്രൈവർമാരുടെ പെൺകുട്ടികൾക്കായി സ്കോളർഷിപ്പ് പദ്ധതി പ്രഖ്യാപിച്ചു.

തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥിക്ക് 10,000 രൂപ സ്കോളർഷിപ്പും സർട്ടിഫിക്കറ്റും നൽകും. 2025 ഫെബ്രുവരി മുതൽ മാർച്ച് വരെ തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ മഹീന്ദ്ര ട്രക്കിന്റെയും ബസ്സിന്റെയും നേതൃത്വത്തിലാണ് ആദരം സംഘടിപ്പിക്കുന്നത്. അതിൽ ട്രക്ക് ഡ്രൈവർമാരുടെ പെൺമക്കൾക്ക് 1000 സ്കോളർഷിപ്പുകൾ സമ്മാനിക്കും. 2014 ൽ ആരംഭിച്ച സാരഥി അഭിയാൻ പദ്ധതി വഴി ഇതുവരെ 10,029 പെൺകുട്ടികൾക്ക് സ്കോളർഷിപ്പുകൾ നൽകിയിട്ടുണ്ടെന്ന് മഹീന്ദ്ര ആൻഡ് മഹീന്ദ്ര ലിമിറ്റഡ് ഗ്രൂപ്പ് എക്സിക്യൂട്ടീവ് ബോർഡ് അംഗം വിനോദ് സഹായ് പറഞ്ഞു.

ട്രക്ക് ഡ്രൈവർമാരുടെ പെൺമക്കൾക്ക് വിദ്യാഭ്യാസ അവസരങ്ങൾ നൽകി അവരുടെ ജിവിതം ശോഭനമാക്കാൻ മഹീന്ദ്ര പ്രതിജ്ഞാബദ്ധമാണെന്ന് മഹീന്ദ്ര ആൻഡ് മഹീന്ദ്ര ലിമിറ്റഡ് ഗ്രൂപ്പ് എക്സിക്യൂട്ടീവ് ബോർഡ് അംഗം വിനോദ് സഹായ് പറഞ്ഞു. ഇതുവഴി നമ്മുടെ സമൂഹത്തിനും സമ്പദ് വ്യവസ്ഥയ്ക്കും മികച്ച സംഭാവന നൽകുന്ന സ്ത്രീകളുടെ ഒരു തലമുറയെ വളർത്തിയെടുക്കുകയാണ് മഹീന്ദ്രയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.മഹീന്ദ്ര സാരഥി അഭിയാനിലൂടെയുള്ള സുസ്ഥിരമായ പ്രതിബദ്ധത ട്രക്ക് ഡ്രൈവർമാരുടെ പെൺമക്കളുടെ ജീവിതം മെച്ചപ്പെടുത്തുക മാത്രമല്ല പുതിയ അവസരങ്ങളുടെ ഒരു സംസ്കാരം വളർത്തിയെടുക്കുകയും ചെയ്യുന്നതായി മഹീന്ദ്ര ആൻഡ് മഹീന്ദ്ര ലിമിറ്റഡിന്റെ വാണിജ്യ വാഹനങ്ങളുടെ ബിസിനസ് മേധാവി ജലജ് ഗുപ്ത പറഞ്ഞു.

# ഓണം വിൽപ്പന: ചരിത്ര നേട്ടം കൈവരിച്ച് മിൽമ എറണാകുളം മേഖലാ യൂണിയൻ

**കൊച്ചി:** ഓണത്തോടനുബന്ധിച്ച് അത്തം മുതൽ തിരുവോണം വരെ മിൽമ എറണാകുളം മേഖല യൂണിയൻറെ കീഴിലുള്ള എറണാകുളം, തൃശ്ശൂർ, കോട്ടയം, ഇടുക്കി ജില്ലകളിലായി 56 ലക്ഷം ലിറ്റർ പാലും,3.53 ലക്ഷം കിലോഗ്രാം തൈരും വിൽപ്പന നടത്തിയതായി മേഖലാ യൂണിയൻ ചെയർമാൻ എം.ടി. ജയൻ അറിയിച്ചു. മുൻവർഷത്തെ അപേക്ഷിച്ച് തൈര് വിൽപ്പനയിലും, ഐസ്ക്രീം, പേഡ, പനീർ, വിവിധയിനം പായസക്കൂട്ടുകൾ തുടങ്ങി എല്ലാ ഉൽപ്പന്നങ്ങളുടെയും വിൽപ്പനയിലും വൻ വർദ്ധനവാണ് രേഖപ്പെടുത്തിയിരിക്കുന്നത്.200 ടൺ നെയ്യ് ഓണമാസത്തിൽ വില്പ്പന നടത്തിയ മേഖലാ യൂണിയൻ മുൻ വർഷത്തെ അപേക്ഷിച്ച് അഞ്ച് ശതമാനം വർദ്ധനവാണ് കൈവരിച്ചത്. ഉത്രാടദിനത്തിൽ 10.56 ലക്ഷം ലിറ്റർ പാലും, 88,266 കിലോ തൈരും വിൽപ്പന നടത്തി. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് പാൽ വിൽപ്പനയി 3.06 ശതമാനവും, തൈരിൽ 7.40 ശതമാനവും വർദ്ധനവുണ്ടായി. ഇതിനു പുറമെ സിവിൽ സപ്ലൈസ് കോർപറേഷൻ വിതരണത്തിനായി ആവശ്യപ്പെട്ട 1,62,000 ബോട്ടിൽ നെയ്യും, 1,62,000 പാക്കറ്റ് പായസം മിക്സും സമയബന്ധിതമായി വിതരണം ചെയ്തു.ക്ഷീരകർഷകരുടെ സഹകരണ പ്രസ്ഥാനമായ മിൽമയോടുള്ള കർഷകരുടെയും, ഏജൻറുമാർ, കാറ്ററിംഗ് അടക്കമുള്ള വിവിധ സ്ഥാപനങ്ങൾ, കമ്പനിയുടെ സംഭരണം, സംസ്കരണം തുടങ്ങി വിതരണം വരെയുള്ള വിവിധ മേഖലകളിൽ പ്രയത്നിച്ച ജീവനക്കാരുടെയും സർവ്വോപരി മാന്യ ഉപഭോക്താക്കളുടെയും അകമഴിഞ്ഞ സഹകരണമാണ് ഈ നേട്ടം കൈവരിക്കുന്നതിൽ മിൽമ എറണാകുളം മേഖലാ യൂണിയനെ പ്രാപ്തമാക്കിയതെന്ന് എം.ടി.ജയൻ പറഞ്ഞു.

# എച്ച്ഡിഎഫ്സി ബാങ്ക് എഡ്ടെക് പ്ലാറ്റ്ഫോം ആരംഭിച്ചു

**കൊച്ചി :** ഇന്ത്യയിലെ പ്രമുഖ സ്വകാര്യമേഖലാ ബാങ്കായ എച്ച്ഡിഎഫ്സി ബാങ്ക് മുംബൈയിൽ നടന്ന ഗ്ലോബൽ ഫിൻടെക് ഫെസ്റ്റ് 2024ൽ എഡ്ടെക് പ്ലാറ്റ്ഫോം ലോഞ്ച് പ്രഖ്യാപിച്ചു. വിദേശത്ത് വിദ്യാഭ്യാസം നേടുന്ന വിദ്യാർത്ഥികൾക്കുള്ള പേയ്മെന്റ് ഗേറ്റ്‌വേ ആയി ഇത് പ്രവർത്തിക്കും. നിലവിലുള്ള ഓഫ്‌ലൈൻ ഫണ്ടിംഗ് വിദേശ കൈമാറ്റങ്ങളിൽ നിന്ന് വിദേശ വിദ്യാഭ്യാസ റെമിറ്റൻസ് പണമടയ്ക്കൽ ഡിജിറ്റൈസ് ചെയ്യുന്നതിന് ഇത് സഹായിക്കും.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com


THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% GUARANTEED
ISO 9001
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663